# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാമ്പാക്കുട ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി.9)1328/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 02/11/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാമ്പാക്കട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാമ്പാക്കട ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാമ്പാക്കട ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി.9)1328/2023 തീയ്യതി: 02/11/2023

## എറണാകുളം ജില്ലയിലെ പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 04-08-2023 | 11-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-08-2023 | 11-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ധീരജ് ജെ., ഓഡിറ്റ് ഓഫീസർ

ശ്രീ ഹരീഷ് ബാബു എൻ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ അനീഷ് ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ ടിനു കെ.ജെ., ഓഡിറ്റർ

.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|---|---|
| ശ്രീ തോമസ് തടത്തി**ൽ** | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി ഉദയ കെ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|---|---|
| ശ്രീമതി ജെമിനി ഇ സി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി എമി പൗലോസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ സുനി**ൽ** പി | കൃഷി ഓഫീസർ | 01-04-2022 | 31-05-2022 |
| ശ്രീ എൽദോസ് പി സി | കൃഷി ഓഫീസർ | 01-06-2022 | 21-08-2022 |
| ശ്രീമതി ശ്രീല ഗോവിന്ദൻ | കൃഷി ഓഫീസർ | 22-08-2022 | 31-03-2023 |
| ഡോ. ആഷാമോ**ൾ** | മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി.) | 01-04-2022 | 31-03-2023 |
| ഡോ. ഷാജി പോൾ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ഡോ. നൈസി ഇ എം | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ വന്ദന വിജയചന്ദ്ര**ൻ** | വെറ്ററിനറി സർജൻ | 01-04-2022 | 30-09-2022 |
| ഡോ. ഷിഹാബ് | വെറ്ററിനറി സർജൻ | 01-10-2022 | 31-03-2023 |
| ശ്രീമതി നിഷ എം കെ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി റഹീന സെബാസ്റ്റ്യൻ | ഹെഡ് മാസ്റ്റ**ർ**, ജി യു പി എസ് ഓണക്കൂ**ർ** | 01-04-2022 | 31-03-2023 |
| ശ്രീ മോഹ**ൻ**ദാസ് കെ സി | വി ഇ ഒ അഞ്ച**ൽ**പ്പെട്ടി | 01-04-2022 | 04-05-2022 |
| ശ്രീമതി രാഗി കെ എസ് | വി ഇ ഒ അഞ്ച**ൽ**പ്പെട്ടി | 05-05-2022 | 31-03-2023 |
| ശ്രീമതി ബിന്ദുമോ**ൾ** റ്റി | വി ഇ ഒ പാമ്പാക്കുട | 01-04-2022 | 16-09-2022 |
| ശ്രീ ജോമോൻ ജോസ് | വി ഇ ഒ പാമ്പാക്കുട | 17-09-2022 | 27-09-2022 |
| ശ്രീ രസ്റ്റാൽമോൾ | വി ഇ ഒ പാമ്പാക്കുട | 28-09-2022 | 31-03-2023 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അനുപാതങ്ങളും, കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ആസ്തിയുമായി പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ അപാകതകൾ | 1-1-3 |
| 5 | വെള്ളക്കരകുടിശിക ബാധ്യതയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | Excess Of Income Over Expenditure കൃത്യമല്ല | 1-1-5 |
| 7 | കടമുറികളുടെ വാടക ഡിമാന്റ് ചെയ്ത് അക്കൗണ്ട് ചെയ്തിട്ടില്ല | 1-1-6 |
| 8 | ഇ ടെൻഡർ ഫീ ഡിമാന്റ് ഇട്ട് അക്കൗണ്ട് ചെയ്തില്ല | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഗ്രാന്റ് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമ പദ്ധതികൾ | 1-7 |
| 15 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 18 | നിലവിലുണ്ടായിരുന്ന വാണിജ്യകെട്ടിടത്തിന് തെറ്റായ ഉപയോഗക്രമം നൽകി വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നു | 1-11 |
| 19 | നിയമാനുസൃതമല്ലാത്ത നിർമ്മാണം നടത്തി വസ്തുനികുതി ഒഴിവാക്കി വാണിജ്യകെട്ടിടം പ്രവർത്തിക്കുന്നു | 1-12 |
| 20 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല | 1-13 |
| 21 | കടമുറികളിൽ നിന്നും വാടക ലഭ്യമായില്ല, കുടിശ്ശിക വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയില്ല | 1-14 |
| 22 | രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല | 1-15 |
| 23 | മെൻസ്ട്രൽ കപ്പ് വിതരണം ചെയ്തില്ല | 1-16 |
| 24 | അരീക്കൽ ഫെസ്റ്റ് 2022 - നടത്തിപ്പിൽ ഗുരുതര അപാകതകൾ | 1-17 |
| 25 | കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ സ്വീകരിക്കാതിരുന്നതു കാരണം അധിക തുക നൽകി | 1-18 |

| | | |
|---|---|---|
| 26 | ലൈഫ് ഭവന നിർമ്മാണം- ധനസഹായം കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-19 |
| 27 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-20 |
| 28 | ബയോഗ്യാസ് പ്ലാന്റ് വിതരണം - മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല | 1-21 |
| 29 | ബക്കറ്റ് കമ്പോസ്റ്റ് വിതരണം - മോണിട്ടറിംഗ്,വിതരണ വിവരം ഹാജരാക്കിയിട്ടില്ല | 1-22 |
| 30 | സ്ട്രീറ്റ് മെയിൻ വലിക്കൽ പദ്ധതിയുടെ വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-23 |
| 31 | ഹോമിയോ ഡിസ്‌പെൻസറിയിലേക്കും ആയുഷ് എൻ.എച്ച്.എം, പി.എച്ച്.സി.യിലേക്കും മരുന്നുവാങ്ങൽ - ലഭിക്കേണ്ട മരുന്നുകൾ മുഴുവൻ ലഭിച്ചിട്ടില്ല. | 1-24 |
| 32 | ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല - ലാപ്ടോപ് വിതരണം ചെയ്തിട്ടില്ല. | 1-25 |
| 33 | വിവിധ പദ്ധതികളുടെ ധനവിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-26 |
| 34 | എസ്.എസ്.കെ. പദ്ധതി - വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല. | 1-27 |
| 35 | ഓഡിറ്റ് വർഷം വെള്ളക്കരം അടവാക്കിയത് - കണക്കുകൾ പൊരുത്തപ്പെടുന്നില്ല. | 1-28 |
| 36 | അഞ്ചൽപെട്ടി ലൈബ്രറിയുടെ പ്രവർത്തനം തൃപ്തികരമല്ല. | 1-29 |
| 37 | ഇ-ഓട്ടോ പദ്ധതി പ്രായോഗികമായിട്ടില്ല. | 1-30 |
| 38 | ആശ്രയ പദ്ധതി -ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-31 |
| 39 | പഞ്ചായത്ത് ഓഫീസിലേക്ക് ആവശ്യമായ കമ്പ്യൂട്ടറുകൾ വാങ്ങിയെങ്കിലും ബിഡ്ഡിംഗ് രീതി അനുവർത്തിച്ചിട്ടില്ല. | 1-32 |
| 40 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ അഡ്വാൻസ് തുക കൃത്യമായി അക്കൗണ്ട് ചെയ്യുന്നില്ല | 1-33 |
| 41 | തനത് വരുമാനം - അവലോകനം | 1-34 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |

| | | |
|---|---|---|
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 30.06.2023 ലെ 5(1) -ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 07.07.2023- ാം തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കാക്കനാട്

തീയതി : 02.11.2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അനുപാതങ്ങളും, കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെട്ടിട്ടില്ല.

### 1-1-2 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ആസ്തിയുമായി പൊരുത്തപ്പെടുന്നില്ല

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ B-3 എന്നത് ഫിക്സഡ് അസറ്റിന്റെയും (B-11, B11 (C), B11 (D), B11 (E) ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സിന്റെയും (B11 (B)) ആകെ തുകയാണ്. എന്നാൽ ഇവ തമ്മിൽ ₹1,89,12,821/- വ്യത്യാസമുണ്ട്.

### 1-1-3 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ അപാകതകൾ

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹ 8503132.00 . ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി

രേഖപ്പെടുത്തിയിരിക്കുന്നത് ₹-43,59,789.00 ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ ഈ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

1-1-4 വെള്ളക്കരകുടിശിക ബാധ്യതയിൽ ഉൾപ്പെടുത്തിയിട്ടില്ല

2023 മാർച്ച് 31ന് ഗ്രാമപഞ്ചായത്തിന് ₹2,64,16,719/- വെള്ളക്കരമിനത്തിൽ കുടിശികയുണ്ടായിരുന്നു. എന്നാൽ 2022-23 വാർഷിക കണക്കുകളിൽ ഈ തുക ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

1-1-5 Excess Of Income Over Expenditure കൃത്യമല്ല

Excess Of Income Over Expenditure (310900101) എന്ന ശീർഷകത്തിന്റെ നീക്കിയിരുപ്പ്, മുന്നിരുപ്പ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള Gross Surplus/Deficite എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

1-1-6 കടമുറികളുടെ വാടക ഡിമാന്റ് ചെയ്ത് അക്കൗണ്ട് ചെയ്തിട്ടില്ല

5/595, 12/437 നമ്പർ കടമുറികളിൽ നിന്നും തൻവർഷം വാടക ലഭ്യമായില്ല. എന്നാൽ, ഈ കടമുറികളുടെ വാടക ഡിമാന്റ് ചെയ്ത് അക്കൗണ്ട് ചെയ്യാത്തതിനാൽ, കുടിശിക I-1 ഷെഡ്യൂൾ, B-15 ഷെഡ്യൂൾ എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല.

1-1-7 ഇ ടെൻഡർ ഫീ ഡിമാന്റ് ഇട്ട് അക്കൗണ്ട് ചെയ്തില്ല

2022-23 വർഷത്തിൽ ഇ-ടെൻഡർ ഫീ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുണ്ടായിരുന്ന ₹64,911/- I-9 ഷെഡ്യൂളിൽ അദർ ഇൻകം ഹെഡിൽ ഡിമാന്റ് ചെയ്ത് അക്കൗണ്ട് ചെയ്തിട്ടില്ല.

1-1-8 N.R.E.G.S. അപാകത

വാർഷിക ധനകാര്യ പത്രികയിലെ I-14(F) ചെലവും I-6ലെ 160100628 ശീർഷകത്തിലെ ചെലവും തമ്മിൽ 4/- രൂപയുടെ വ്യത്യാസം കാണുന്നു.

1-2 ബജറ്റ്

2022-23 വർഷത്തെ പുതുക്കിയ ബജറ്റ് 09.03.2023 ലെ തീരുമാനം 2(1) പ്രകാരം പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചു.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥ കണക്ക് |
|---|---|---|
| വരവ് | ₹17,10,76,390 (മുൻ ബാക്കിയുൾപ്പെടെ) | ₹3,22,00,622 |
| ചെലവ് | ₹16,58,30,406 | ₹2,36,97,490 |

കൃത്യമായ ഡിമാന്റ് കണക്കാക്കാവുന്ന ഇനങ്ങൾക്കു പോലും വളരെ ഉയർന്ന വരവ് പ്രതീക്ഷിച്ചാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. NREGS, ക്ഷേമ പെൻഷൻ തുകകൾ ഉൾപ്പെടുത്തിയാൽ പോലും അന്തരമുണ്ട്.

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരുപ്പ് | ₹1,51,99,475.00 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹3,22,00,622.00 |
| ആകെ | ₹4,74,00,097.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹2,36,97,490.00 |
| നീക്കിയിരുപ്പ് | ₹2,37,02,607.00 |

ഈ പത്രികയിലെ ഗ്രാമപഞ്ചായത്തിന്റെ വരവ് ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് ആധാരമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഗ്രാന്റുകളുടെയും മറ്റു വരവ് ചെലവുകൾ തുടർ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | | 0 | 11633000 | 11633000 | 11289204 | 0 | 343796 |
| വികസനഫണ്ട്(എസ്.സി.പി) | | 0 | 4629000 | 4629000 | 4131711 | 0 | 497289 |
| സംരക്ഷണഗ്രാന്റ്(റോഡ്) | | 0 | 10343000 | 10343000 | 5556010 | 0 | 4786990 |
| സംരക്ഷണഗ്രാന്റ്(റോഡിതരം) | | 0 | 4570000 | 4570000 | 4126952 | 0 | 443048 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | ബാങ്ക് | 128428 | 2139241 | 2267669 | 2150963 | 116706 | 0 |
| | ട്രഷറി | 0 | 47074 | 47074 | 27992 | 0 | 19082 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | ബാങ്ക് | 797706 | 3034000 | 3831706 | 2496991 | 1334715 | 0 |
| | ട്രഷറി | 0 | 448718 | 448718 | 360995 | 0 | 87723 |
| നാഷണൽ ഹെൽത്ത് മിഷൻ – 320100139 | | 0 | 500000 | 500000 | 0 | 500000 | 0 |
| ഐ.സി.ഡി.എസ്.(അനുപൂരക പോഷകാഹാരം)- 320100196 | | 647074 | 1202788 | 1849862 | 821807 | 1028055 | 0 |
| മികച്ച പഞ്ചായത്തിനുള്ള അവാർഡ്- ജില്ലാതലം- 320100200 | | 0 | 500000 | 500000 | 0 | 500000 | 0 |
| ഹെൽത്ത് ഗ്രാന്റ് | | 0 | 409299 | 409299 | 403740 | 5559 | 0 |
| എസ്.ഡബ്ല്യു.എം. ഫണ്ട് – 320200304 | | 246088 | 0 | 246088 | 42120 | 203968 | 0 |
| എസ്.എസ്.എ.– 320100162 | | 10097 | 276 | 10373 | 0 | 10373 | 0 |
| ശുചിത്വ മിഷൻ– 320100198 | | 4830 | 0 | 4830 | 0 | 4830 | 0 |
| നാഷണൽ സോഷ്യൽ അസിസ്റ്റൻസ് പ്രോഗ്രാം – 320100151 | | 0 | 10071 | 10071 | 0 | 10071 | 0 |
| ലൈഫ്-സംസ്ഥാന വിഹിതം – 320200399 | | 19340 | 1250000 | 1269340 | 50000 | 1219340 | 0 |

വികസനഫണ്ട് പൊതുവിഭാഗം, എസ്.സി.പി. എന്നിവയുടെ വരവ്-ചെലവ്, ജി.ഒ. പ്രോജക്റ്റിന്റെ ചെലവ് കൂടി ഉൾപ്പെട്ട തുകയാണ്. ബജറ്റ് പ്രകാരം പഞ്ചായത്തിന് അനുവദിക്കുന്ന ഗ്രാന്റുകൾ കാര്യക്ഷമമായി ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ തുക എന്നിവ ഉപയോഗിച്ചുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പാക്കുന്നതിലും കുറവ് വന്നിട്ടുണ്ടെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ട ഗ്രാന്റ് നഷ്ടപ്പെടുത്തുന്നത് ആശാസ്യമല്ല. ഓരോ വർഷവും ഗ്രാന്റായി ലഭിക്കുന്ന തുകയുപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ യഥാസമയം പ്രോജക്ടുകൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് ഭരണ സമിതി പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്. ധനകാര്യ കമ്മീഷൻ ഗ്രാന്റുകളുടെ വരവ് തുകയിൽ ബാങ്ക് പലിശ കൂടി ഉൾപ്പെട്ടിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ % |
|---|---|---|---|---|---|---|
| 170 | ₹64070561 | ₹35064835 | 139 | 11 | 20 | 81.76% |

പദ്ധതി നിർവ്വഹണത്തിൽ വിവിധ ഗ്രാന്റിനങ്ങളുടെ വിനിയോഗവിവരം.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത/ ലാപ്സായ തുക | നീക്കിയിരുപ്പ് തുക | ചെലവിന്റെ % |
|---|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | - | ₹11633000 | ₹11633000 | ₹11288204 | ₹343796 | - | 97.04 |
| വികസനഫണ്ട് (എസ്.സി.പി) | - | ₹4629000 | ₹4629000 | ₹4131711 | ₹497289 | - | 89.25 |

| | | | | | | | |
|---|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് (റോഡ്) | - | ₹10343000 | ₹10343000 | ₹5556010 | ₹4786990 | - | 53.73 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | - | ₹4570000 | ₹4570000 | ₹4126952 | ₹443048 | - | 90.30 |
| ധനകാര്യകമ്മീഷൻ അവാർഡ് (Basic Grant) | ₹128428 | ₹2186315 | ₹2314743 | ₹2178955 | ₹135788 | 0 | 94.13 |
| ധനകാര്യകമ്മീഷൻ അവാർഡ് (Tied) | ₹797706 | ₹3482718 | ₹4280424 | ₹2857986 | ₹1422438 | 0 | 66.76 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | ₹1 | ₹1830318 | ₹1830319 | ₹1829688 | ₹631 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | ₹25771771 | ₹25771771 | ₹25771771 | 0 |
| ആകെ | ₹1 | ₹27602089 | ₹27602090 | ₹27601459 | ₹631 |

I-14(F) 25610116 എന്ന ശീർഷകത്തിൽ ആകെ ചെലവായി രേഖപ്പെടുത്തിയിരിക്കുന്നത് 2,76,01,463/- രൂപയാണ്. എന്നാൽ ആകെ ചെലവ് 2,76,01,459/- രൂപയാണ്. വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | ₹16,62,900 | 156 |
| വിധവാപെൻഷൻ | ₹66,46,700 | 632 |
| വാർദ്ധക്യകാല പെൻഷൻ | ₹2,03,19,700 | 1981 |
| വികലാംഗപെൻഷൻ | ₹24,38,800 | 217 |
| 50 വയസ്സിനുമുകളിൽ പ്രായമായ അവിവാഹിതകൾക്കുള്ള ധനസഹായം | ₹4,76,000 | 45 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | ₹1,20,000 | 4 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.08.2023 തീയതിയിൽ 2.45PMന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 30,634/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണസംവിധാനം ചുവടെ ചേർക്കുന്ന വിഷയങ്ങളിൽ കാര്യക്ഷമമാക്കേണ്ടതാണ്.

1) പഞ്ചായത്തിന്റെ തനത് വരുമാനം തുലോം കുറവായ സാഹചര്യത്തിൽ തനത് വരുമാനത്തിന്റെ ഈടാക്കലുകളിൽ കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്. ഉദാ- ലൈസൻസികൾ നല്കുന്ന അപേക്ഷകൾ പലതും അപൂർണ്ണമാണ്. ലൈസൻസ് നമ്പർ, മൂലധന വിവരങ്ങൾ, തൊഴിലാളികളുടെ എണ്ണം ഇവ രേഖപ്പെടുത്തുന്നില്ല. തന്മൂലം ലൈസൻസ് ഫീസ് ഈടാക്കുന്നതിൽ കൃത്യതയില്ല. 500/- രൂ നിരക്കിൽ ലൈസൻസ് ഈടാക്കുന്നതിന് കമ്മിറ്റി തീരുമാനം ഉണ്ടെങ്കിലും പലതിലും അതിൽ കുറവായ തുകയാണ് ഈടാക്കുന്നത്.

2) ലൈസൻസ് ഇല്ലാതെ ക്വാറികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത് തീർത്തും ഒഴിവാക്കേണ്ടതാണ്.

3) സബ്സിഡി മാർഗരേഖ പ്രകാരവും സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ചും പദ്ധതികൾ നടപ്പാക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

4) വാടക രജിസ്റ്റർ ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ ശരിയായ വിവരങ്ങൾ ഉൾപ്പെടുത്തി പരിപാലിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.01.2020 | 01.12.2019 മുതൽ 31.12.2019 വരെ | 29.05.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ് | 13.10.2015 മുതൽ 18.10.2015 വരെ | 1997-98 മുതൽ 2003-04 വരെ | 30.10.2015ം |

1-11 നിലവിലുണ്ടായിരുന്ന വാണിജ്യകെട്ടിടത്തിന് തെറ്റായ ഉപയോഗക്രമം നൽകി വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നു

ജോയി തെക്കുംപറമ്പിൽ, പാമ്പാക്കുട എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ നിലവിലുള്ള 2/267 /B നമ്പർ കെട്ടിടത്തിന്റെ വാർഷിക വാടക മൂല്യം അടിസ്ഥാനത്തിലുള്ള കെട്ടിടനികുതി 4527/-രൂപയും (ലൈബ്രറി സെസ് ഇല്ലാതെ) കെട്ടിട നമ്പർ 2/103/C ഉം ആയിരുന്നു. 2013 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങളിലെ ചട്ടം 9.4d പ്രകാരം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വാണിജ്യാവശ്യത്തിനുള്ളതും നിലവിലുള്ളതുമായ ഒരു കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി ആദ്യമായി നിശ്ചയിക്കുമ്പോൾ തൊട്ട് മുമ്പ് നിലവിലുണ്ടായിരുന്ന വാർഷിക വസ്തുനികുതിയിൽ വർദ്ധനവ് ഉണ്ടാകുന്നുവെങ്കിൽ അപ്രകാരമുള്ള വർദ്ധനവ് നിലവിലുള്ള വാർഷിക വസ്തുനികുതിയുടെ നൂറ്റി അൻപത് ശതമാനത്തിൽ അധികരിക്കാൻ പാടില്ലാത്തതും ഈ പരിധിക്ക് വിധേയമായി നിലവിലുള്ള പ്രസ്തുത കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി നിശ്ചയിക്കേണ്ടതുമാണ്. തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 27-4-2015 ലെ സ.ഉ.(എം.എസ്)നം.144/15/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം ഈ വർദ്ധനവ് 100 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. മേൽ കെട്ടിടത്തിന്റെ ടി പരിധി = 4527 X 2=9054/-. മേൽ സൂചിപ്പിച്ച കെട്ടിത്തിന്റെ വസ്തുനികുതി തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുമ്പോൾ ആയത് നിലവിലുള്ള വാർഷിക വസ്തുനികുതിയുടെ നൂറ് ശതമാനത്തിൽ അധികരിക്കുന്നില്ല. ആയതിനാൽ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് വസ്തുനികുതി നിർണ്ണയിക്കേണ്ടത്. ടി കെട്ടിടത്തിന്റെ വസ്തുനികുതി 2013 ഒന്നാം അർദ്ധവർഷം മുതൽ തറവിസ്തീർണ്ണാടിസ്ഥാനത്തിൽ നിർണ്ണയിച്ച് ഈടാക്കിയിട്ടുണ്ട്. എന്നാൽ 117 ച.മീ തറവിസ്തീർണ്ണമുള്ള ടി കെട്ടിടത്തിന് വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ,റെസ്റ്റോറന്റുകൾ,ഷോപ്പുകൾ,ഗോഡൗൺ എന്ന ഉപയോഗക്രമം നൽകിയാണ് വസ്തുനികുതി നിർണ്ണയിച്ചത്. ഈ ഉപയോഗ ക്രമത്തിന് 35 രൂപ/ച.മീ യും, വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമത്തിന് 50 രൂപ/ച.മീ യും ആണ് വസ്തുനികുതി നിരക്കായി പാമ്പാക്കുട ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്നത്. ആയതിനാൽ വസ്തുനികുതി നിർണ്ണയത്തിൽ കുറവുണ്ടായിട്ടുണ്ട്.

| 35 രൂപ/ച.മീ പ്രകാരം നിർണ്ണയിച്ചത് | 50 രൂപ/ച.മീ പ്രകാരം നിർണ്ണയിക്കേണ്ടത് | കുറവ് |
|---|---|---|
| 4095 + 819(വഴി സൗകര്യം 20% വർദ്ധനവ്) = 4914/- | 5850+ 1170 = 7020/- | 2106/- |

പ്രതിവർഷം 2,106/- രൂപയുടേയുടേയും 2022 രണ്ടാം അർദ്ധവർഷം വരെ 21,060/- രൂപയുടേയും വസ്തുനികുതി നഷ്ടമുണ്ടായിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/4-8-2023) നാളിതു വരെ തെറ്റായ നികുതി നിർണ്ണയം ശ്രദ്ധയിൽപ്പെട്ടില്ല എന്നും ആയത് മാപ്പാക്കണമെന്നും, ച.മീറ്ററിന് 50/- രൂപ ക്രമത്തിൽ നികുതി നിർണ്ണയിച്ചിട്ടുണ്ടെന്നും നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമായി. എന്നാൽ ഈ മറുപടി ലഭ്യമായതിന് ശേഷം സഞ്ചയ അസസ്സ്മെന്റ് വിവരങ്ങൾ പരിശോധിച്ചത് പ്രകാരം കെട്ടിടത്തിന് ച.മീറ്ററിന് 50/- രൂപ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടു. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല. മേൽ കെട്ടിടത്തിന്റെ വസ്തുനികുതി ശരിയായി നിർണ്ണയിച്ച് കുറവ് വന്ന തുക കുടിശ്ശിക സഹിതം ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-12 നിയമാനുസൃതമല്ലാത്ത നിർമ്മാണം നടത്തി വസ്തുനികുതി ഒഴിവാക്കി വാണിജ്യകെട്ടിടം പ്രവർത്തിക്കുന്നു

തങ്കമ്മ ഡേവിഡ്, കുഴപ്പിള്ളിൽ, പാമ്പാക്കുട, എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ മൂവാറ്റുപുഴ-പിറവം റോഡിൽ സ്ഥിതി ചെയ്യുന്ന 'കുഴപ്പിള്ളിൽ എന്ന ബിൽഡിംഗി'ലെ കെട്ടിടങ്ങൾക്ക് താഴെ ചേർത്ത പ്രകാരം വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്.

| കെട്ടിട നമ്പർ | തറവിസ്തീർണ്ണം (ച.മീ) | ഉപയോഗ ക്രമം | വസ്തുനികുതി | വസ്തുനികുതി നിർണ്ണയിച്ച വർഷം |
|---|---|---|---|---|
| 5/301/A | 190 (താഴത്തെ നില) | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 11400/- | 2013 രണ്ടാം അർദ്ധ വർഷം |
| 5/301/B | 28.83 (താഴത്തെ നില) | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ ,റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 1211/- | 2013 രണ്ടാം അർദ്ധ വർഷം |
| 5/301/C | 28 (ഒന്നാം നില) | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) | 1118/- | 2014 രണ്ടാം അർദ്ധ വർഷം |
| 5/301/D | 90 (ഒന്നാം നില) | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ | 3591/- | 2014 രണ്ടാം അർദ്ധ വർഷം |
| 5/301/E | 31.33 (ഒന്നാം നില) | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) | 1251/- | 2014 രണ്ടാം അർദ്ധ വർഷം |
| 5/301/F | 294.71 (രണ്ടാം നില) | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 28646/- | 2021 ഒന്നാം അർദ്ധ വർഷം |

മേൽ ചേർത്ത പ്രകാരം താഴത്തെ നില 218.33 ച.മീ , ഒന്നാം നില = 149.33 ച.മീ, രണ്ടാം നില = 294.71 ച.മീ ആകെ 662.87 ച.മീ തറവിസ്തീർണ്ണത്തിനാണ് വസ്തുനികുതി നിർണ്ണയിച്ചത്.

പ്ലാൻ പ്രകാരമുള്ള തറ വിസ്തീർണ്ണം താഴെ ചേർക്കുന്നു.

| | |
|---|---|
| താഴത്തെ നില | 241.34 ച.മീ |
| ഒന്നാം നില | 241.34 ച.മീ + 53.37 ച.മീ വരാന്ത = 294.71 ച.മീ |
| രണ്ടാം നില | 241.34 ച.മീ + 53.37 ച.മീ വരാന്ത = 294.71 ച.മീ |
| ആകെ | 830.76 ച.മീ |

08.08.2023 ന് പാമ്പാക്കുട ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനിയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ടി കെട്ടിടം ആകെ നാല് നിലയിൽ പ്രവർത്തിക്കുന്നതായും പ്ലാനിൽ ഉൾപ്പെടാത്ത മൂന്നാമത്തെ നില പണിതതായും ഒന്നാം നിലയിലേയും രണ്ടാം നിലയിലേയും മൂന്നാം നിലയിലേയിലേയും വരാന്ത അടച്ച് പൂട്ടി നിർമ്മിച്ചിട്ടുള്ളതായും, പ്ലാനിൽ ഉൾപ്പെടാതെ നിർമ്മിച്ച നാലാമത്തെ നിലക്ക് 294.71 ച.മീ തറവിസ്തീർണ്ണം ഉള്ളതായും ഈ നിലയിൽ SACTIN SCHOOL MANAGEMENT SYSTEM എന്ന സ്ഥാപനം പ്രവർത്തിക്കുന്നതായും ബോധ്യപ്പെട്ടു.
പഞ്ചായത്തിൽ നിന്നും 200 മീറ്റർ മാത്രം അകലെ പെർമിറ്റ് അനുവദിക്കാതെ 294.71 ച.മീ തറവിസ്തീർണ്ണത്തിൽ വാണിജ്യ കെട്ടിടത്തിന്റെ മൂന്നാം നില പണിതിട്ടും ടി കെട്ടിടത്തിനെതിരെ 2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കാഞ്ഞതും ടി കെട്ടിടത്തിന്റെ താഴത്തെ നില 241.34 ച.മീ ഉണ്ടെങ്കിലും 218.33 ച.മീ തറവിസ്തീർണ്ണത്തിന് മാത്രവും വരാന്ത അടച്ച് പൂട്ടി നിർമ്മിച്ച ഒന്നാം നില 294.71 ച.മീ ഉണ്ടെങ്കിലും 149.33 ച.മീ തറ വിസ്തീർണ്ണത്തിന് മാത്രവും വസ്തുനികുതി നിർണ്ണയിച്ചതും നിയമാനുസൃതമല്ലാതെ നിർമ്മിച്ച മൂന്നാം നിലയിൽ സ്ഥാപനം പ്രവർത്തിച്ചിട്ടും നടപടി സ്വീകരിക്കാഞ്ഞതും പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുണ്ടായ ശ്രദ്ധക്കുറവാണ്. അപാകതകൾ സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി(10/8-8-2023) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. പെർമിറ്റ് അനുവദിക്കാതെ നടത്തിയ നിർമ്മാണത്തിന് 2019ലെ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിച്ച്, കെട്ടിടത്തിന്റെ നാല് നിലകളിലും വിശദമായ സ്ഥലപരിശോധന നടത്തി വസ്തുനികുതി പുനർനിർണ്ണയിച്ച്, നിയമാനുസൃതമല്ലാതെ നിർമ്മിച്ച മൂന്നാം നിലയിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിനെതിരെ നടപടി സ്വീകരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-13 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല

പാമ്പാക്കുട ഗ്രാമപഞ്ചായത്തിൽ 2022-2023 സാമ്പത്തിക വർഷം വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയത് സംബന്ധിച്ച അപാകതകൾ താഴെ ചേർക്കുന്നു.

1) പാരാമെഡിക്കൽ ലൈസൻസ് പുതുക്കിയ താഴെ ചേർത്ത പാരാമെഡിക്കൽ സ്ഥാപനങ്ങളിലെ

ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല.

| ക്രമ നം | പാരാമെഡിക്കൽ രജിസ്ട്രേഷൻ നമ്പർ | കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ പേര് | പാരാമെഡിക്കൽ ലൈസൻസ് അപേക്ഷയിൽ/ രജിസ്റ്ററിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | 1 | 5/637 | ലൈഫ് കെയർ ഡയഗ്നോസ്റ്റിക്സ്, പാമ്പാക്കട | മറ്റ് ജീവനക്കാർ = 1 |
| 2 | 2 | 5/629 | സെന്റ് മേരീസ് ഡയഗ്നോസ്റ്റിക് സെന്റർ, പാമ്പാക്കട | മറ്റ് ജീവനക്കാർ = 1 |
| 3 | 3 | 13/309 | എസ് ആർ ഡയഗ്നോസ്റ്റിക് സെന്റർ, പാമ്പാക്കട | മറ്റ് ജീവനക്കാർ = 1 |
| 4 | 4 | 3/235/R | ഡെന്റൽ കെയർ സെന്റർ, പാമ്പാക്കട | ഡോക്ടർ = 1<br>മറ്റ് ജീവനക്കാർ = 1 |
| 5 | 5 | 12/496 | നാനോ ഡയഗ്നോസ്റ്റിക് സെന്റർ, പാമ്പാക്കട | മറ്റ് ജീവനക്കാർ = 1 |
| 6 | 6 | 12/498-501 | ഹന്ന ഡയഗ്നോസ്റ്റിക് സെന്റർ, പാമ്പാക്കട | മറ്റ് ജീവനക്കാർ = 1 |
| 7 | 7 | 12/451/B | സെന്റ് പോൾസ് ഫിസിയോ തെറാപ്പി സെന്റർ, പാമ്പാക്കട | മറ്റ് ജീവനക്കാർ = 1 |
| 8 | 8 | 12/505 | ക്രൌൺ മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ കെയർ, പാമ്പാക്കട | ഡോക്ടർമാർ = 2<br>മറ്റ് ജീവനക്കാർ = 2 |
| 9 | 9 | 5/555 | പാറപ്പുറം സ്മൈൽ ഡെന്റൽ ക്ലിനിക്ക്, പാമ്പാക്കട | ഡോക്ടർ = 1<br>മറ്റ് ജീവനക്കാർ = 1 |
| 10 | 10 | 5/143 | കാർത്തിക ഹോമിയോ ക്ലിനിക്ക് | ഡോക്ടർ = 1 |

2) F.T.EO.S ലൈസൻസ് എടുത്ത താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | കെട്ടിട നമ്പർ |
|---|---|---|---|
| 1 | ഓറിയോൺ ബിൽഡേഴ്സ് & ഡവലപ്പേഴ്സ് | 85 | 12/441/D |
| 2 | മൈലാഞ്ചേരിൽ ജ്വല്ലറി | 108 | 5/638 |
| 3 | ഇന്ത്യൻ ഗ്രാനൈറ്റ്സ് & മാർബിൾസ് | 147 | 3/469/C,D,E |
| 4 | ഇടയൻ അഗ്രിഗേറ്റ്സ് | 181 | രേഖപ്പെടുത്തിയിട്ടില്ല. |
| 5 | കിംഗ്സ് കമ്പ്യൂട്ടർ സെന്റർ, ഓണക്കൂർ | 186 | 10/434/C |
| 6 | മൈക്രോപാക്ക് | 213 | 6/495/A, B |
| 7 | കിംഗ്സ് സെറാമിക്സ് & ഗ്രാനൈറ്റ്സ് | 220 | 10/271/A |
| 8 | DTDC കൊറിയർ സർവ്വീസ് | 241 | 2/277 |
| 9 | ട്രാവൻകൂർ എക്സ്പ്രസ് പായ്ക്കേഴ്സ് | 296 | 9/314, 9/314/A |

3) 2022-2023 സാമ്പത്തിക വർഷം വിവിധ മരാമത്ത് ജോലികൾ ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല.

4) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ആധാരം എഴുത്ത് സ്ഥാപനങ്ങൾ, കമ്പ്യൂട്ടർ സെന്ററുകൾ,സ്വകാര്യ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ മുതലായവയിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല.

മേൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരടെ തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നും സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/09-08-2023) മറുപടി ലഭ്യമായില്ല. ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-14 കടമുറികളിൽ നിന്നും വാടക ലഭ്യമായില്ല, കുടിശ്ശിക വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയില്ല

5/595 , 12/437 നമ്പർ കടമുറികളിൽ നിന്നും തൻവർഷം വാടക ലഭ്യമായില്ല.

| കടമുറി നമ്പർ | അവസാനം വാടക അടവാക്കിയ വ്യക്തി | അവസാനം വാടക അടവാക്കിയ മാസം | അവസാനം വാടക അടവാക്കിയ മാസത്തെ വാടക നിരക്ക് (ജി.എസ്.ടി, മറ്റ് ചാർജ്ജുകൾ ഉൾപ്പെടാതെ) |
|---|---|---|---|
| 5/595 | കെ.യു.സ്കറിയ, കരോട്ടുപുത്തൻപുര | 2021 മാർച്ച് | 2772 (2021 മാർച്ച്) |
| 12/437 | ശ്രീനിവാസ് ശ്രീനിലയം | 2021 മാർച്ച് | 1919 (2021 മാർച്ച്) |

3/8/2022 ലെ പഞ്ചായത്ത് കമ്മിറ്റി 5(2) -ാം നമ്പർ തീരുമാനമായി ടി കെട്ടിടങ്ങളുടെ വാടക എഗ്രിമെന്റ് പുതുക്കി നൽകാത്തതിന് എതിരെ മേൽ സൂചിപ്പിച്ച വാടകക്കാർ ബഹു.മൂവാറ്റുപുഴ മുൻസിഫ് കോടതി മുമ്പാകെ കേസ് ഫയൽ ചെയ്തിട്ടുള്ളതാണെന്നും ഏകദേശം 16 മാസങ്ങളായി ടി കെട്ടിടങ്ങളുടെ വാടക പോലും ഈ വ്യക്തികൾ അടവാക്കിയിട്ടില്ല എന്നും ഈ കെട്ടിടങ്ങൾ ഇപ്പോഴും ആർക്കും പ്രയോജനപ്പെടാതെ അടഞ്ഞു കിടക്കുകയാണെന്നും ആയതിനാൽ വാടകക്കാരുടെ പക്കൽ നിന്നും വാടക കുടിശ്ശിക ഉൾപ്പടെ ഈടാക്കി മുറി ഗ്രാമപഞ്ചായത്തിന് തിരികെ കിട്ടുന്നതിലേക്കായി കേസ് ഫയൽ ചെയ്യുന്നതിന് തീരുമാനിച്ചെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. കേസ് സംബന്ധിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

മേൽ കമ്മിറ്റി തീരുമാനത്തിൽ 16 മാസങ്ങളായി ടി കെട്ടിടങ്ങളുടെ വാടക അടവാക്കിയില്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാടക രജിസ്റ്ററിൽ വാടക ഡിമാന്റ് ചെയ്യുകയോ ലഭിക്കാനുള്ള തുക കുടിശ്ശികയായി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടോ ഇല്ല. വാർഷിക ധനകാര്യ പത്രിക B15 ഷെഡ്യൂൾ Rent Receivables From Buildings(Current), Rent Receivables From Buildings(Arrear) ഹെഡുകൾ പ്രകാരം വാടക കുടിശ്ശിക ലഭിക്കാനില്ലാത്തതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടി കടമുറികളിൽ നിന്നും വാടക ഈടാക്കാത്തതിനാൽ തൻവർഷം മാത്രം 62,076/- രൂപയുടെ (36684 + 25392) വരവ് നഷ്ടം പഞ്ചായത്തിനുണ്ടായിട്ടുണ്ട് (2021-2022, 2022-2023 സാമ്പത്തിക വർഷങ്ങളിലെ 5% വീതമുള്ള വാടക വർദ്ധനവ് ഉൾപ്പടെ). മേൽ വാടകക്കാർ കടമുറി ഒഴിഞ്ഞിട്ടുണ്ടെങ്കിൽ ആയത് ഏത് മാസമാണെന്നും, ഏത് മാസം വരെ കുടിശ്ശിക ഇല്ലാതെ വാടക അടവാക്കിയിട്ടുണ്ടെന്നും, നിലവിൽ ഈ കടമുറികൾ വാടകക്ക് നൽകിയിട്ടുണ്ടെങ്കിൽ ടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്നും ലഭിക്കാനുള്ള വാടക കുടിശ്ശിക വാർഷികധനകാര്യ പത്രികയിൽ ഉൾപ്പെടുത്താത്തതിന് കാരണമെന്തെന്നും സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/8-8-2023) ലഭ്യമായ മറുപടിയിൽ ടി കടമുറികളുടെ വാടക കുടിശ്ശിക 2023-24 വാർഷിക ധനകാര്യപത്രിക തയ്യാറാക്കുമ്പോൾ ഉൾപ്പെടുത്തി ക്രമപ്പെടുത്തുന്നതാണ് എന്ന് മാത്രമാണ് ലഭ്യമാക്കിയത്. ബഹു.മൂവാറ്റുപുഴ മുൻസിഫ് കോടതിയിൽ മേൽ കേസ് നിലനിൽക്കുന്നുണ്ടെങ്കിൽ ആയതിന് വിധേയമായി തുടർനടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-15 രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം. | S0174/23 |
| പ്രോജക്ടിന്റെ പേര് | ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ |
| അടങ്കൽ, ഫണ്ട് | ₹ 2,55,380/-, ഹെൽത്ത് ഗ്രാന്റ് |
| ചെലവ് | ₹ 2,55,291/-, |
| വൗച്ചർ നം./തീയതി | 2212100553/27.03.2023 |
| നിർവഹണം | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |

പാമ്പാക്കുട സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ലാബ് നവീകരണത്തിനായി ഉപകരണങ്ങൾ വാങ്ങുന്നതിനാണ് മേൽ പ്രോജക്ട് വിഭാവനം ചെയ്തിരുന്നത്. പദ്ധതിയിൽ ക്വട്ടേഷൻ/ടെൻഡർ നടപടിയിലൂടെ വാങ്ങിയ ഉപകരണങ്ങളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഉപകരണം വാങ്ങിയ സ്ഥാപനത്തിന്റെ പേര് | ഉപകരണം | ഇൻവോയ്സ് നം./ തീയതി | തുക |
|---|---|---|---|---|
| 1 | ലാബ് എക്സ്, തിരുവനന്തപുരം | ഇലക്ട്രോലൈറ്റ് അനലൈസർ | AC/4369/21.02.23 | ₹80712/- |
| 2 | ജാനറ്റ് ഹെൽത്ത് കെയർ ഇടപ്പള്ളി | സ്റ്റെറൈൽ ഡ്രെസിംഗ് പാഡ്, ഗ്ലൗസ്, ഐവിഷൻ ചാർട്ട് | JHC/B499/21.03.23 | ₹58410/- |
| 2 | പ്രൊവിഡന്റ് മെഡിക്കൽ സിസ്റ്റംസ്, കോട്ടയം | സെൻട്രിഫ്യൂജ് | B2C34/02.03.23 | ₹42480/- |

| | | | | |
|---|---|---|---|---|
| 4 | യൂണിവേഴ്സൽ ഏജൻസീസ്, തൃശ്ശൂർ | ലാബ് മൈക്രോസ്കോപ്പ് | UA-2710/2022 /02.03.23 | ₹5585/- |
| | | ആകെ | | ₹187187/- |

ഉപകരണങ്ങൾ കൂടാതെ സെൻട്രൽ പ്രസ് & എൻ പി വർക്സ്, തൊടുപുഴ. ഫ്രണ്ട്സ് സൂപ്പർ ഷോപ്പ്സ് പാമ്പാക്കുട എന്നീ സ്ഥാപനങ്ങളിൽ നിന്നും രജിസ്റ്ററുകൾ പ്രിന്റ് ചെയ്ത് വാങ്ങിയതിന്റെ ₹26,186/- ന്റെ ഇൻവോയ്സുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഇപ്രകാരം ₹ 2,13,373/- യുടെ (187187+26186) ചെലവ് രേഖകൾ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ബാക്കി ₹41,918/-യുടെ (255291-213373) ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 5/08.08.2023) മറുപടി ലഭിച്ചില്ല. ചെലവ് രേഖകൾ ലഭ്യമാക്കുന്നത് വരെ ₹41,918/-യുടെ ചെലവ് തടസപ്പെടുത്തുന്നു.

## 1-16 മെൻസ്ട്രൽ കപ്പ് വിതരണം ചെയ്തില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | S0126/23 |
| പ്രോജക്ടിന്റെ പേര് | മെൻസ്ട്രൽ കപ്പ് വിതരണം |
| അടങ്കൽ, ഫണ്ട് | ₹ 1,00,000/-, വികസനഫണ്ട് - പൊതുവിഭാഗം |
| ചെലവ് | ₹ 29,100/- |
| ബിൽ നം./തീയതി | 242/02.03.23 |
| നിർവ്വഹണഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |

മേൽ സൂചിപ്പിച്ച പദ്ധതിയിൽ ₹300/- നിരക്കിൽ 97 മെൻസ്ട്രൽ കപ്പ് വാങ്ങുന്നതിന് പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡിന് ₹29100/-നൽകിയിട്ടുണ്ട്. എച്ച്എൽഎലിന് തുക നൽകിയെങ്കിലും മെൻസ്ട്രൽ കപ്പ് ലഭ്യമാക്കിയതിന്റെ ബിൽ, അവ സ്റ്റോക്കിലെടുത്തതിന്റെയും, വിതരണം ചെയ്തതിന്റെയും രേഖകൾ എന്നിവ ലഭ്യമാക്കിയില്ല. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ.ഉ.(കൈ) നം. 115/2022/ത.സ്വ.ഭ.വ. തീയതി 28.05.2022 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ 7.6.8 ഖണ്ഡിക പ്രകാരം മെൻസ്ട്രൽ കപ്പ് വിതരണ പരിപാടിയുടെ മുന്നോടിയായി ഇതിന്റെ വിശ്വാസ്യതയ്ക്കും സംശയനിവാരണത്തിനുമായി സി.എച്ച്.സി. ഡോക്ടറുടെ നേതൃത്വത്തിൽ ബോധവത്കരണ പ്രചരണപരിപാടി നടത്തണം എന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ സൂചിപ്പിച്ച പദ്ധതിയുടെ ഭാഗമായി ഇത്തരത്തിലുള്ള ബോധവത്കരണ പ്രചരണപരിപാടികൾ നടത്തിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. എച്ച്.എൽ.എൽ.-ൽ നിന്നും മെൻസ്ട്രൽ കപ്പ് ലഭ്യമാക്കി വിതരണം ചെയ്യാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 8/08.08.23) മറുപടി ലഭിച്ചില്ല. ആയതിനാൽ, ബോധവത്കരണപരിപാടികൾ നടത്തി മെൻസ്ട്രൽ കപ്പ് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കുന്നതു വരെ ₹29,100/- ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 അരീക്കൽ ഫെസ്റ്റ് 2022 - നടത്തിപ്പിൽ ഗുരുതര അപാകതകൾ

പാമ്പാക്കുട ഗ്രാമപഞ്ചായത്തിലെ ടൂറിസ്റ്റ് കേന്ദ്രമായ അരീക്കൽ വെള്ളച്ചാട്ടത്തോട് അനുബന്ധിച്ച് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ സ്പോൺസർഷിപ്പോടു കൂടി 2022 സെപ്റ്റംബർ 6 മുതൽ 12 വരെ 7 ദിവസം "അരീക്കൽ ഫെസ്റ്റ് 2022" എന്ന പേരിൽ ഒരു കലാ-സാംസ്കാരിക മേള സംഘടിപ്പിച്ചിരുന്നു. ഗ്രാമപഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി അധ്യക്ഷ്യന്മാരും വാർഡ് മെമ്പർമാരായ ജിനു സി ചാണ്ടി, ഫിലിപ്പ് ഇരട്ടിയാനിക്കൽ, ബേബി ജോസഫ് എന്നിവരും അംഗങ്ങളായി പാമ്പാക്കുട ഗ്രാമപഞ്ചായത്ത് ടൂറിസം വികസനസമിതി രൂപീകരിച്ചാണ് ഫെസ്റ്റിവൽ നടത്തിയിട്ടുള്ളത്. സംഭാവനയിലൂടേയും സ്പോൺസർഷിപ്പിലൂടേയും ലഭിക്കുന്ന തുക കൊണ്ട് ഫെസ്റ്റ് നടത്തുവാനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ട് ഉപയോഗിക്കാനും 02.09.2022ലെ ഭരണസമിതി യോഗത്തിൽ 1(5)-ാം നമ്പർ പ്രകാരം തീരുമാനിച്ചിരുന്നു.

ഫെസ്റ്റിന് ആകെ ₹454693/- ചെലവ് വന്നിട്ടുള്ളതായി 25.11.22ലെ 7(2)-ാം നമ്പർ ഭരണസമിതി തീരുമാന പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഏകദേശം ₹120000/-വരുന്ന ഇല്യൂമിനേഷൻ വർക്കുകൾ ചിന്മയ വിശ്വവിദ്യാപീഠം എന്ന സ്ഥാപനമാണ് നേരിട്ട് സ്പോൺസർ ചെയ്തിരുന്നത്. കലാപരിപാടികൾ (ഗാനമേള, ശിങ്കാരിമേളം, തെയ്യം, തിരുവാതിര, കാവടി, നാസിക് ഡോൾ), പദ്ധതി പ്രദേശം വൃത്തിയാക്കൽ, അലങ്കരിക്കൽ, പ്രസ് മീറ്റ്, ജനറേറ്റർ വാടക, പരസ്യം, ലൈറ്റ് & സൗണ്ട് അഡ്വാൻസ് എന്നിവയുടെ ചെലവുകൾ സംഭാവനയായി ലഭിച്ച ₹129800/- കൊണ്ടാണ് നിർവ്വഹിച്ചത് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പെയിന്റിംഗ്, സ്റ്റേജ്, ലൈറ്റ് & സൗണ്ട് അഡ്വാൻസ് കഴിഞ്ഞ് ബാക്കി തുക, സെക്യൂരിറ്റി ചാർജ്, റിഫ്രഷ്മെന്റ് ചാർജ് എന്നിവയ്ക്ക് വേണ്ടി ചെലവായ ₹190004/- തനതുഫണ്ടിൽ നിന്നാണ് ചെലവായിട്ടുള്ളത്, ആയത് തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. ബാക്കി ₹14889/- വീഡിയോയ്ക്ക് വേണ്ടിയാണ് ചെലവായിട്ടുള്ളത്. എന്നാൽ, ടി തുക ഏത് ഫണ്ട് ഉപയോഗിച്ചാണ് ചെലവാക്കിയതെന്ന വിവരം റിപ്പോർട്ട് ചെയ്തിട്ടില്ല. ഫെസ്റ്റിന്റെ നടത്തിപ്പിൽ താഴെ

ചേർത്തിട്ടുള്ള ഗുരുതരമായ അപാകതകൾ സംഭവിച്ചതായി കാണുന്നു.

1. പ്രാദേശിക കലാ-സാംസ്കാരിക പരിപാടിയായ അരീക്കൽ ഫെസ്റ്റ് ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടത്തുന്നതിനും ഇതിനു വേണ്ടി ഗ്രാമപഞ്ചായത്ത് ഫണ്ട് ചെലവാക്കുന്നതിനും സർക്കാർ അനുമതി വാങ്ങിയിട്ടില്ല.

2. ഫെസ്റ്റിന് വേണ്ടിയുള്ള ഇല്യൂമിനേഷൻ വർക്കിന്റെ ചെലവ് ₹120000/- മാത്രമാണ് നേരിട്ട് സ്പോൺസർ ചെയ്തിട്ടുള്ളത്. ₹129800/- ചെലവുകൾ സംഭാവനയായി സ്വീകരിച്ച തുക കൊണ്ടാണെന്ന് 25.11.22ലെ ഭരണസമിതി യോഗത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 20(എ) പ്രകാരം പഞ്ചായത്തിന് നേരിട്ട് ലഭിച്ചതോ പിരിവിന് നിയോഗിക്കപ്പെട്ടവർ, പൊതുജന സേവന കേന്ദ്രങ്ങൾ തുടങ്ങിയ മാർഗങ്ങളിലൂടെ ലഭിച്ചതായ എല്ലാ പണം വരവുകൾക്കും ഇൻസ്ട്രുമെന്റ് ഏതാണെന്ന് രേഖപ്പെടുത്തി വീഴ്ച കൂടാതെ രസീത് നൽകേണ്ടതാണ്. എന്നാൽ, അരീക്കൽ ഫെസ്റ്റിന്റെ നടത്തിപ്പിനായി പാമ്പാക്കുട ഗ്രാമപഞ്ചായത്ത് ടൂറിസം വികസനസമിതി സംഭാവനയായി സ്വീകരിച്ച പണത്തിന് രസീത് നൽകിയിട്ടില്ല. ആയതിനാൽ, സംഭാവനയായി സ്വീകരിച്ച പണത്തിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

3. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 23 പ്രകാരം ലഭിക്കുന്ന തുകകൾ അതേ ദിവസമോ, തൊട്ടടുത്ത ദിവസമോ ബന്ധപ്പെട്ട ബാങ്ക്/ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. എന്നാൽ, ഫെസ്റ്റിന്റെ നടത്തിപ്പിന് സംഭാവനയായി സ്വീകരിച്ച തുക ഇപ്രകാരം ഒരു പ്രത്യക ബാങ്ക്/ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടില്ല.

4. 2011ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം എല്ലാ അസാധാരണ ചെലവുകൾക്കും വേണ്ടി ഒരു ഗ്രാമപഞ്ചായത്തിന് ഒരു വർഷം ചെലവാക്കാവുന്ന മൊത്തം തുക മുൻവർഷത്തെ അതിന്റെ മിച്ച ഫണ്ടിന്റെ ഇരുപത് ശതമാനം വരെയും, ഒരു ലക്ഷം രൂപയിൽ കവിയാതെയും ആയിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, ഫെസ്റ്റിന്റെ നടത്തിപ്പിനായി ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്ന് 2022-23 വർഷത്തിൽ ആകെ ₹190004/-ചെലവായിട്ടുണ്ട്. ₹90004/-ചട്ടവിരുദ്ധമായിട്ടാണ് ചെലവാക്കിയിട്ടുള്ളത്.

5. ക്വട്ടേഷൻ/ടെൻഡർ നടപടി കൂടാതെ ലൈറ്റ്, സ്റ്റേജ് ഡെക്കറേഷൻ, സൗണ്ട് സിസ്റ്റം എന്നിവയുടെ നടത്തിപ്പ് ഐഡിയൽ എന്ന സ്ഥാപനത്തിന് നൽകിയത് സ്റ്റോർ പർച്ചേസ് ചട്ടങ്ങൾക്ക് വിരുദ്ധമായാണ്.

അരീക്കൽ ഫെസ്റ്റ് നടത്തിപ്പിലെ മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 11/08.08.23) ഫെസ്റ്റ് നടത്തിപ്പ് സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ എന്നിവർക്ക് കത്ത് നൽകി എന്ന് മറുപടി നൽകിയിട്ടുണ്ട്. ഫെസ്റ്റിന് വേണ്ടി ഗ്രാമപഞ്ചായത്ത് രസീത് അച്ചടിച്ച് പിരിവ് നടത്തിയിട്ടില്ലെന്നും സംഭാവന നൽകിയ സ്ഥാപനങ്ങൾ പരിപാടി നടത്തിയ വ്യക്തികൾക്ക് നേരിട്ടാണ് പണം നൽകിയതെന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ, 25.11.22ലെ 7(2)-ാം നമ്പർ ഭരണസമിതി തീരുമാനത്തിൽ ₹120000/- വരുന്ന ഇല്യൂമിനേഷൻ വർക്കുകൾ മാത്രമാണ് നേരിട്ട് സ്പോൺസർ ചെയ്തിട്ടുള്ളതെന്നും ബാക്കി ചെലവുകൾ സംഭാവനയിലൂടെയാണ് നിർവഹിച്ചതെന്നും പരാമർശിച്ചിട്ടുണ്ട്. മാത്രമല്ല ₹2500/- മുതൽ ₹25000/- വരെ വ്യത്യസ്ത വ്യക്തികളിൽ നിന്നും സ്പോൺസർഷിപ്പ് സ്വീകരിച്ച് ₹800/- മുതൽ ₹16000/- വരെയുള്ള കാടുവെട്ട്, ജെസിബി വാടക, ഭക്ഷണം, പ്രസ് മീറ്റ്, താത്കാലിക സെക്യൂരിറ്റി ജീവനക്കാരുടെ വേതനം തുടങ്ങിയ ഇരുപത്തിമൂന്നോളം ചെറിയ ചെലവുകൾ നടത്തുക പ്രായോഗികമല്ലെന്ന് ഫെസ്റ്റിന്റെ വരവ്-ചെലവ് കണക്കുകൾ പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെടുന്നതാണ്. ഈ സാഹചര്യത്തിൽ പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കിയ "അരീക്കൽ ഫെസ്റ്റ്" എന്ന പരിപാടിയുടെ നടത്തിപ്പ് സംബന്ധിച്ച് ഭരണവകുപ്പ് വിശദമായ അന്വേഷണം നടത്തേണ്ടതാണെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-18 കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ സ്വീകരിക്കാതിരുന്നതു കാരണം അധിക തുക നൽകി

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | 116/23, അങ്കണവാടികൾക്ക് കളിയുപകരണങ്ങൾ വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| അടങ്കൽ തുക | ₹1,50,000/-( മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്) |
| നൽകിയ തുക | ₹1,41,900/-(നികുതികൾ ഉൾപ്പെടെ) |
| ബിൽ നമ്പർ/തീയതി | 384/28.03.2023 |

ഗ്രാമപഞ്ചായത്തിലെ 17 അങ്കണവാടികളിലേയ്ക്ക് കളിയുപകരണങ്ങൾ വാങ്ങുന്നതിനു വേണ്ടി ആവിഷ്കരിച്ച പ്രോജക്ടാണിത്. ഈ പ്രോജക്ടിന്റെ നടത്തിപ്പിൽ സംഭവിച്ച അപാകതകൾ താഴെ ചേർക്കുന്നു.

കളിയുപകരണങ്ങൾ(സീസോ) വാങ്ങുന്നതിനു വേണ്ടി പത്രപ്പരസ്യം ചെയ്യുകയും ആയതു പ്രകാരം 3 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിക്കുകയും ചെയ്തു. ആർട്കോ, റോബിൻസൺ റോഡ്, പാലക്കാട്, ഡിസ്നി

കിന്റർ പ്ലേ എക്യൂപ്പ്മെന്റ്സ്, ചൂണ്ടി, പുത്തൻകുരിശ്, ഓർഡിയന്റ് എന്റർപ്രൈസസ്, മുണ്ടുപറമ്പ്, മലപ്പുറം, ആർട്കോ, പൂത്തോൾ, തൃശ്ശൂർ എന്നീ സ്ഥാപനങ്ങളാണ് ക്വട്ടേഷൻ സമർപ്പിച്ചത്. എന്നാൽ ക്വട്ടേഷൻ സമർപ്പിച്ച സ്ഥാപനങ്ങൾ ഓരോ ഇനത്തിനും ക്വാട്ട് ചെയ്ത നിരക്കുകൾ വിശദമായി പരിശോധിക്കാതെയും താരതമ്യ പത്രിക തയ്യാറാക്കാതെയും ഉപകരണം വാങ്ങിയതിലൂടെ പഞ്ചായത്തിന് അധിക ചെലവുണ്ടായിട്ടുണ്ട്. ടെണ്ടർ സമർപ്പിച്ച ഡിസ്നി കിന്റർ പ്ലേ എക്യൂപ്പ്മെന്റ്സ്, ചൂണ്ടി, പുത്തൻകുരിശ്, ആർട്കോ, പൂത്തോൾ, തൃശ്ശൂർ എന്നീ സ്ഥാപനങ്ങൾ ഉയർന്ന നിരക്ക് ക്വാട്ട് ചെയ്തതിനാൽ ടെണ്ടർ നിരസിച്ചിട്ടുണ്ട്. താരതമ്യേന കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഓർഡിയന്റ് എന്റർപ്രൈസസ്, മുണ്ടുപറമ്പ്, മലപ്പുറം, ആർട്കോ, റോബിൻസൺ റോഡ്, പാലക്കാട് എന്നീ സ്ഥാപനങ്ങളുടെ ക്വട്ടേഷന്റെ താരതമ്യ പത്രിക ചുവടെ ചേർക്കുന്നു.

| ഇനം | ആർട്കോ, റോബിൻസൺ റോഡ്, പാലക്കാട് രേഖപ്പെടുത്തിയ നിരക്ക്/നൽകിയ തുക | ഓർഡിയന്റ് എന്റർപ്രൈസസ്, മുണ്ടുപറമ്പ,മലപ്പുറം രേഖപ്പെടുത്തിയ നിരക്ക്/ നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|
| സിസോ | 12900x11=141900 | 11538x11=126918 | 141900-126918=14982 |
| ആകെ | | | 14982 |

അപാകതയ്ക്ക് മറുപടി നൽകുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(നം.04/07.08.2023)നൽകിയതിന് ലഭിച്ച മറുപടിയിൽ ഓർഡിയന്റ് എന്റർപ്രൈസസ് അംഗീകൃത ഏജൻസി അല്ലാത്തതിനാലും, പ്രൊക്യൂർമെന്റ് കമ്മിറ്റി നിർദ്ദേശിച്ചതിന്റെയും, 02.09.2022 ലെ ജി.ഒ(പി)നം.104/2022/ധനം ഉത്തരവിന്റെയും അടിസ്ഥാനത്തിലും ആണ് ആർട്കോ,പാലക്കാട് നിന്നും കളിയുപകരണങ്ങൾ വാങ്ങിയതെന്ന് വിശദീകരിച്ചു. എന്നാൽ മേൽ ഉത്തരവിൽ ആർട്കോയെ ഇന്റീരിയർ ഫർണീഷിംഗ് പ്രവൃത്തി നടത്തുന്നതിനുള്ള അംഗീകൃത ഏജൻസി മാത്രമായിട്ടാണ് തിരഞ്ഞെടുത്തിട്ടുള്ളത്. അല്ലാതെ കളിയുപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള അംഗീകൃത ഏജൻസിയായി ആർട്കോയ്ക്ക് അംഗീകാരം നൽകിയിട്ടില്ല. ശരിയായ വിലയിരുത്തൽ നടത്താതെ ഇത്തരം വാങ്ങലുകൾ നടത്തുന്നത് പൊതു പണത്തിന്റെ ചോർച്ചയ്ക്ക് കാരണമാവുന്നതാണ്. മേലിൽ ഇത്തരത്തിലുള്ള അപാകതകൾ ഇല്ലാതെ വാങ്ങലുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-19 ലൈഫ് ഭവന നിർമ്മാണം- ധനസഹായം കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

പാമ്പാക്കുട ഗ്രാമപഞ്ചായത്തിലെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ ധനസഹായം കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|---|
| 1 | വിജി അജി, കുറുപ്പംമലയിൽ, വാർഡ്-2 | 3,00,000 | ലിന്റൽ ലെവൽ വരെ പൂർത്തീകരിച്ചു (19.02.2022 വരെ കൈപ്പറ്റിയ തുകയാണിത്) |
| 2 | ധനിത പി കെ,പോട്ടുമുറി, വാർഡ്-6 | 36,669 | നാളിതു വരെയും പണി ആരംഭിച്ചിട്ടില്ല (30.03.2022 വരെ കൈപ്പറ്റിയ തുകയാണിത്) |
| 3 | ജയേഷ് എം., മാടാലിക്കുഴിയിൽ, വരിക്കോലി,ചെമ്മനാട് | 1)40000<br>2)160000 | 07.12.2022 വരെ കൈപ്പറ്റിയ തുകയാണിത്. |

മേൽ ഗുണഭോക്താക്കൾ നാളിതു വരെയും ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറികൾ(നം.07/07.08.2023,12/08.08.2023) നൽകിയതിന് ലഭിച്ച മറുപടിയിൽ ക്രമ നമ്പർ 1,2 ഗുണഭോക്താക്കൾക്ക് പലതവണ ഗ്രാമപഞ്ചായത്തിൽ നിന്നും അറിയിപ്പുകൾ നൽകിയിട്ടും ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല എന്നാണ് അറിയിച്ചത്. ക്രമ നമ്പർ 3 ആയിട്ടുള്ള ഗുണഭോക്താവ് മരിച്ചു പോയതിനാൽ ബാക്കിയുള്ള പണികൾ പൂർത്തീകരിക്കുവാൻ നിർവ്വാഹമില്ലായെന്ന് അറിയിച്ചിട്ടുള്ളതായി വ്യക്തമാക്കുകയുണ്ടായി. ആയതിനാൽ മേൽപ്പറഞ്ഞിട്ടുള്ള ഗുണഭോക്താക്കൾക്ക് ധനസഹായമായി നൽകിയ തുക സ.ഉ.(സാധാ) നം.1038/11/തസ്വഭവ തീയതി 19.04.2011 ഉത്തരവ് പ്രകാരം 12% പലിശ സഹിതം ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

### 1-20 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ.6.8(1) പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും

നിയന്ത്രണത്തിലുമുള്ള റോഡ്-റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി (Asset Maintenance Plan)തയ്യാറാക്കേണ്ടതാണ് എന്നും സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണെന്നും നിർദേശിച്ചിട്ടുണ്ട്.

പദ്ധതി മാർഗ്ഗരേഖയിലെ ഖ.6.8(2) പ്രകാരം അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി.ഐ.എസ് സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തികളുടെ ഡിജിറ്റലൈസേഷൻ നടത്തി ആസ്തി രജിസ്റ്റർ കുറ്റമറ്റതും കാലികവും ആക്കേണ്ടതും തങ്ങളുടെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണ് എന്നും നിർദേശിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനായി ഐ.കെ.എം. വികസിപ്പിച്ച സചിത്ര സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതാണെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ നം.ഐ.ബി-1/141/2017/ത.സ്വ.ഭ.വ തീയതി 23.08.2017 സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. 04.07.2022 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 15(1) തീരുമാന പ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയതിന്റെയും ആസ്തി രജിസ്റ്റർ കാലികമാക്കിയതിന്റെയും വിവരങ്ങൾ ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.02/07.08.2023)മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് R Track എന്ന പുതിയൊരു സോഫ്റ്റ്‌വെയർ വഴി റോഡ് സർവ്വേ നടന്നു വരുകയാണെന്നും ആയതിന്റെ പരിശോധനകൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ആസ്തി രജിസ്റ്റർ കാലികമാകുമെന്നുമാണ്. ആയത് എത്രയും വേഗം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-21 ബയോഗ്യാസ് പ്ലാന്റ് വിതരണം - മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് | ബയോഗ്യാസ് പ്ലാന്റ് വിതരണം, 94/23 |
| നിർവ്വഹണഉദ്യോഗസ്ഥൻ | വി.ഇ.ഒ. |
| അടങ്കൽ തുക | 1)79920(സി എഫ് സി)<br>2)42120(സി എഫ് സി)<br>3)4320(തനത് ഫണ്ട്)<br>4)126412(ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 1)79880/-(368/28.03.23)<br>2)93067/-(402/29.03.23)<br>3)4308/-(403/29.03.23)<br>4)42120/- (404/29.03.23) |

ഗ്രാമപഞ്ചായത്തിലെ 13 ഗുണഭോക്താക്കൾക്ക് 1m3 ശേഷിയുള്ള വാട്ടർ ജാക്കറ്റ് സംവിധാനത്തോടു കൂടിയ ബയോഗ്യാസ് പ്ലാന്റ് മേൽ പ്രോജക്ട് പ്രകാരം വിതരണം ചെയ്തിട്ടുണ്ട്. ജില്ലാ ശുചിത്വ മിഷന്റെ അംഗീകാരത്തോടു കൂടിയാണ് ബയോഗ്യാസ് പ്ലാന്റിന്റെ യൂണിറ്റ് കോസ്റ്റ് നിർണ്ണയിച്ചത്. ടെണ്ടർ ക്ഷണിച്ചതു പ്രകാരം ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന്റെ നിരക്ക് ഗ്രാമപഞ്ചായത്ത് അംഗീകരിക്കുകയും 13 ബയോഗ്യാസ് പ്ലാന്റുകൾ വാങ്ങുകയും ചെയ്തു. ആയവ വിതരണം ചെയ്തുവെങ്കിലും നിലവിൽ ഇവ പ്രവർത്തന ക്ഷമമാണോയെന്നത് സംബന്ധിച്ച മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. അപാകത വിശദീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.25/10.08.2023) നൽകിയതിന് മറുപടി ലഭിച്ചില്ല. 13 ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തനക്ഷമമാണോയെന്നത് സംബന്ധിച്ച മോണിറ്ററിംഗ് സമിതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്.

## 1-22 ബക്കറ്റ് കമ്പോസ്റ്റ് വിതരണം - മോണിട്ടറിംഗ്,വിതരണ വിവരം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് | ബക്കറ്റ് കമ്പോസ്റ്റ് വിതരണം, 32/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ |
| അടങ്കൽ തുക | 9600(ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 9600/-(31/25.08.2022) |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ ഗുണഭോക്താക്കൾക്ക് ബക്കറ്റ് കമ്പോസ്റ്റ് വിതരണം ചെയ്യുന്നതിനായി ആവിഷ്കരിച്ചതാണ് ഈ പ്രോജക്ട്. 2021-22 സാമ്പത്തിക വർഷം തുടങ്ങിയ ഈ പ്രോജക്ട് സ്പിൽ ഓവറായി 2022-23 വർഷം നടപ്പാക്കിയിട്ടുണ്ട്. ഈ പ്രോജക്ട് പ്രകാരം ഗുണഭോക്തൃ വിഹിതമിനത്തിൽ ശേഖരിച്ച തുകയായ 9600/-രൂപ തൻവർഷം പെലിക്കൺ ബയോടെക് ആന്റ് കെമിക്കൽ ലാബ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ആയവ വിതരണം ചെയ്തുവെങ്കിലും നിലവിൽ ഇവ പ്രവർത്തന ക്ഷമമാണോയെന്നത് സംബന്ധിച്ച മോണിറ്ററിംഗ് സമിതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട്, ആർക്കൊക്കെ വിതരണ ചെയ്തു എന്നത് സംബന്ധിച്ച വിവരം

എന്നിവ ഹാജരാക്കിയിട്ടില്ല. അപാകത വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.26/10.08.2023) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത ബക്കറ്റ് കമ്പോസ്റ്റ് നിലവിൽ പ്രവർത്തിക്കുന്നുണ്ടോയെന്ന വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-23 സ്ട്രീറ്റ് മെയിൻ വലിക്കൽ പദ്ധതിയുടെ വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ പദ്ധതിക്കായി കെ.എസ്.ഇ.ബി.യുടെ അക്കൗണ്ടിലേക്ക് പഞ്ചായത്തിൽ നിന്നും തുക നൽകിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

അടങ്കൽ : ₹4,00,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

| ക്രമ നം | പദ്ധതി നം | പദ്ധതിയുടെ വിശദാംശങ്ങൾ/ബിൽ/വൗച്ചർ നം./തീയതി | ചെലവ് തുക |
|---|---|---|---|
| 1 | 17/23 | തെരുവ് വിളക്ക് ലൈൻ നീട്ടൽ. XVFC/2022-13/P/180, 13.03.2023 | 399906/- |

പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകളുടെ അഭാവത്തിൽ 3,99,906/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/09.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് ചെലവ് ചെയ്ത തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

1-24 ഹോമിയോ ഡിസ്പെൻസറിയിലേക്കും ആയുഷ് എൻ.എച്ച്.എം, പി.എച്ച്.സി.യിലേക്കും മരുന്നുവാങ്ങൽ - ലഭിക്കേണ്ട മരുന്നുകൾ മുഴുവൻ ലഭിച്ചിട്ടില്ല.

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | ഗവ. ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | |
| പ്രോജക്ടിന്റെ നം/ വർഷം | 10/23 | 9/23 |
| അടങ്കൽ തുക / ഫണ്ട് | 2,00,000/- രൂപ, മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 2,50,000/- രൂപ., മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| ചെലവ് തുക/ ടി.ആർ.എൻ. തീയതി | 2,00,000/- രൂപ., നം.6168 തീയതി 17.11.22 | 2,50,000/- രൂപ., നം.6169 തീയതി 17.11.22 |

2022-23 വർഷം ഗവ.ഹോമിയോ ഡിസ്പെൻസറിയിലേയ്ക്കും ആയുഷ് എൻ.എച്ച്.എം, പി.എച്ച്.സി. എന്നിവിടങ്ങളിലേക്കും ഗവ.മെഡിക്കൽ ഓഫീസർ മരുന്നുവാങ്ങൽ പ്രൊജക്ടുകൾക്കായി (പ്രൊജക്ട് നം. 10/23, 09/23) യഥാക്രമം ₹2,00,000/-, ₹2,50000/- (ആകെ ₹4,50,000/-) ചെലവഴിച്ചെങ്കിലും ₹79,670/-, ₹1,38,716/- രൂപയുടെ മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ മാത്രമേ പതിശോധനയ്ക്കായി ലഭിച്ചിട്ടുള്ളൂ. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/09.08.2023) മറുപടി ലഭ്യമാക്കിയില്ല. ശേഷിക്കുന്ന മരുന്നുകൾ ലഭിക്കുന്നതു വരെ 2,31,614/- (120330+111284) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച്, ആയവ ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ സഹിതം വിവരങ്ങൾ അറിയിക്കേണ്ടതാണ്.

1-25 ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല - ലാപ്ടോപ് വിതരണം ചെയ്തിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 209/23 |
| പ്രോജക്ടിന്റെ പേര് | ലാപ്ടോപ് വിതരണം (എസ്.സി.) |
| അടങ്കൽ | 4,02,103/- (വികസനഫണ്ട്-എസ്.സി.പി.) |
| ചെലവ് | 3,91,210/- |
| ബിൽ നം. /തീയതി | 22120352014701398968 / 18.3.2023 |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി. |

ഓഡിറ്റ് വർഷം മേൽ പദ്ധതി പ്രകാരം 10 ലാപ്ടോപുകൾ 39121/- രൂപ നിരക്കിൽ സി.പി.ആർ.സി.എസ്., വഴി വാങ്ങുകയുണ്ടായി. എന്നാൽ വിദ്യാർത്ഥികൾക്കായി വിതരണം ചെയ്യുന്നതിനായി വാങ്ങിയ ലാപ്ടോപുകൾ നാളിതുവരെ (ഓഡിറ്റ് തീയതി വരെ) വിതരണം ചെയ്തിട്ടില്ല.

ഇവ ഗ്രാമ പഞ്ചായത്തിൽ തന്നെ സൂക്ഷിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ 2022-23ലെ ഗുണഭോക്തൃ പട്ടിക, ഗ്രാമസഭ അംഗീകരിച്ച രേഖകൾ എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/9.9.2023) ലഭ്യമാക്കിയ മറുപടിയിൽ വർഷാരംഭത്തിൽ മൂന്ന് ഗുണഭോക്താക്കൾ മാത്രമാണുണ്ടായിരുന്നതെന്നും പിന്നീട് ആവശ്യക്കാർ വർദ്ധിച്ചതായി മനസ്സിലാക്കി മാർച്ചിൽ ഫണ്ട് വർദ്ധിപ്പിച്ച് (റിവൈസ്ചെയ്ത്) മേൽ പറഞ്ഞ തുക അടവാക്കി എന്നാണ് അറിയിച്ചിട്ടുള്ളത്. 2023 മെയ് മാസം ലാപ്ടോപ് ലഭിച്ചതായും 2023-24 വർഷം പുതിയ ഗുണഭോക്തൃലിസ്റ്റ് പ്രകാരം നടപടികൾ പുരോഗമിക്കുന്നതുമായാണ് അറിയിച്ചിട്ടുള്ളത്. പദ്ധതി നിർവ്വഹണ നടപടികൾ പ്രകാരം, മേൽ പറഞ്ഞ മറുപടി തൃപ്തികരമല്ല. ഓഡിറ്റ് വർഷം അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് ഇല്ലാതെയാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്. അടുത്ത സാമ്പത്തിക വർഷം ഉണ്ടായേക്കാവുന്ന ആവശ്യകത കണക്കിലെടുത്ത് തൻവർഷം തന്നെ പദ്ധതിപ്പണം ചെലവഴിക്കുന്ന രീതി ശരിയല്ല. പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള മുഴുവൻ ലാപ്ടോപ്പുകളും അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് ബന്ധപ്പെട്ട രേഖകൾ സഹിതം അറിയിക്കുന്നതുവരെ 3,91,210/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 വിവിധ പദ്ധതികളുടെ ധനവിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

1) പദ്ധതി നം. : 78/23

പ്രോജക്ട് : പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതിനുള്ള തുക
വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്യൽ.

അടങ്കൽ : ₹4,18,000/- (വികസനഫണ്ട്-ജനറൽ)

ചെലവ് : ₹4,18,000/-

ടി.ആർ.എൻ./ തീയതി : 4810/29.9.2022

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി.

പഞ്ചായത്തിൽ ആവശ്യമില്ലാത്ത പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതിനായി മേൽപറഞ്ഞ പ്രകാരം തുക അടവാക്കിയിട്ടുണ്ടെങ്കിലും പദ്ധതി പൂർത്തീകരിച്ച് ആയതിന്റെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിച്ച് തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയതിന് ശേഷം വിവരം അറിയിക്കേണ്ടതാണ്.

2) പദ്ധതി നം. 201/23

അടങ്കൽ/ചെലവ് : ₹25,000/-(ധനകാര്യ കമ്മീഷൻ അവാർഡ്)

പദ്ധതി : ജെക്സ് കേരള വിഹിതം കൈമാറൽ.

വൗച്ചർ നം. /തീയതി: XVFC/2022-23/P/169, 14.02.2023

നിർവ്വഹണഉദ്യോഗസ്ഥൻ : സെക്രട്ടറി

അന്താരാഷ്ട്ര ടെക്നോളജിക്കൽ കോൺക്ലേവ് എന്ന പരിപാടിക്കായി പഞ്ചായത്തിൽ നിന്നും മേൽ പറഞ്ഞ പ്രകാരം തുക ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ കൈപ്പറ്റ്,വിനിയോഗവിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/09.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.
മേൽ പറഞ്ഞ രേഖകൾ ലഭ്യമാക്കുന്നതുവരെ ക്രമ നമ്പർ 1, 2 എന്നിവ പ്രകാരമുള്ള തുകയായ 4,43,000/- (418000+25000) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 എസ്.എസ്.കെ. പദ്ധതി - വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 8/2022-23 | 108/2022-23 |
| അടങ്കൽ | ₹3,00,000/- (ധനകാര്യ കമ്മീഷൻ അവാർഡ്) | ₹1,50,000/-(വികസനഫണ്ട്-എസ്.സി.പി) |
| ചെലവ് | ₹3,00,000/- | ₹1,50,000/- |
| വൗച്ചർ നം. | XVFC/2022-23 /P/17/2.3.2023 | TRN9186/8.2.2023 |

പഞ്ചായത്ത് പരിധിയിലെ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ തുകയുടെ പഞ്ചായത്തു വിഹിതം മേൽ പട്ടിക പ്രകാരം എസ്.എസ്.കെ യ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുക ഏതെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിച്ചു എന്നതു സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ വിശദമായ വിനിയോഗ വിവരം ലഭ്യമല്ല.

പദ്ധതി പ്രവർത്തനത്തിന്റെ മോണിറ്ററിംഗ് ചുമതലകൾ നിർവ്വഹിക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പ്, ആരോഗ്യ / വിദ്യാഭ്യാസകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ പങ്കുവഹിച്ചതായി കാണുന്നില്ല. സർക്കാർ മാർഗ്ഗരേഖ [സ.ഉ.(കൈ)നം.84/22/തസ്വഭവ.തി.19.01,2022] പ്രകാരം എസ്.എസ്.കെ,ക്ക് സർക്കാർ നിശ്ചയിച്ച തുക വകയിരുത്തണമെങ്കിലും പദ്ധതികളുടെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണ പങ്കാളിത്തത്തോടെ ആയിരിക്കേണ്ടതാണ്. പദ്ധതി പൂർത്തീകരണത്തിന് ശേഷം ഓരോ സ്കൂളിലും നടന്ന പ്രവർത്തനങ്ങൾ/പരിപാടികൾ എന്തൊക്കെയാണെന്ന വിവരങ്ങൾ എസ്.എസ്.കെ. ഡയറക്ടർ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതുമാണ്. എന്നാൽ അത്തരത്തിലുള്ള പ്രവർത്തനം ഉണ്ടായിട്ടില്ല. ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്കാവശ്യമായ പദ്ധതികൾ എസ്.എസ്.കെ പദ്ധതിയിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ശുപാർശ ചെയ്തിട്ടില്ല. വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് അവസ്ഥാവിശകലനം നടത്താതെയും നിർദ്ദേശങ്ങൾ നൽകാതെയുമാണ് തുക കൈമാറിയിട്ടുള്ളത്. ഈ തുക ഏതെല്ലാം രീതിയിലാണ് പഞ്ചായത്ത് പരിധിയിൽ ഉപയോഗപ്രദമാക്കിയതെന്ന് അറിയിക്കേണ്ടതും 2022-23 -ലെ വിശദമായ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ് (ഓഡിറ്റ് എൻക്വയറി നം.18/09.08.2023). ആയത് ലഭ്യമാക്കുന്നതു വരെ 4,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

1-28 ഓഡിറ്റ് വർഷം വെള്ളക്കരം അടവാക്കിയത് - കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 5/23 |
| പ്രൊജക്ട് | വെള്ളക്കരം അടവാക്കൽ. |
| അടങ്കൽ | ₹5,90,376/- |
| ഫണ്ടിനം | (142782-പ്ലാൻഫണ്ട് ;373797-CFC; 73797/-തനത്ഫണ്ട്) |
| ചെലവ് | ₹5,16,579/- (142782-പ്ലാൻഫണ്ട് ; 373797-CFC) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

2022-23-ൽ വെള്ളക്കരം അടവാക്കുന്നതിന് മേൽ ചേർത്ത പ്രകാരം പ്രൊജക്ട് വച്ചിരുന്നു. പഞ്ചായത്ത് പ്രതിമാസം 73797/- രൂപ വീതമാണ് വെള്ളക്കരം അടവാക്കുന്നത്. പ്ലാൻ ഫണ്ട് ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവ ഉപയോഗിച്ച് മേൽ ചേർത്ത പ്രകാരം ആകെ ഏഴ് തവണ[ 7 X 73797= 516579/-] (സുലേഖ ചെലവ് പത്രിക) ചെലവ് വന്നിട്ടുണ്ട്. കൂടാതെ ആവർത്തന ചെലവുകളുടെ ഭാഗമായി തനത് ഫണ്ട് ഉപയോഗിച്ചും (ആറ് തവണയും) വെള്ളക്കരം അടവാക്കിയിട്ടുണ്ട് . ആയത് തനത് ഫണ്ട് ലഡ്ജറിൽ (230 -ൽ തുടങ്ങുന്ന ഹെഡിൽ) 6 തവണ ചെലവ് കാണുന്നുണ്ട്.

മേൽ ചേർത്ത പ്രോജക്ട് ചെലവുകളുടെ ILGMS -ൽ രേഖപ്പെടുത്തുന്ന ലെഡ്ജർ റിപ്പോർട്ട് പ്രകാരം ആറ് തവണ മാത്രമാണ് ചെലവ് വന്നതായി കാണുന്നുള്ളൂ. സുലേഖ സ്റ്റേറ്റ്മെൻറ് പ്രകാരം 7 തവണ പ്രൊജക്ടിൽ നിന്നും ചെലവ് പോയതായി കാണുന്നുണ്ടെങ്കിലും അതിന്റെ കറസ്പോണ്ടിങ്ങ് ലഡ്ജറിൽ 6 തവണ മാത്രമേ കാണുന്നുള്ളൂ. അതേ സമയം 6 തവണ തുക പോയതായും തനത് ഫണ്ട് ലഡ്ജറിൽ കാണുന്നുണ്ട്. ആയതിനാൽ സുലേഖ എക്സ്പെന്റിച്ചർ റിപ്പോർട്ടും പ്രൊജക്ടിന്റെ ചെലവ് ഹെഡ്ഡിലുള്ള ILGMS -ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.16/9.8.2023) മറുപടി താഴെ ചേർക്കുന്നു. നവംബർ 2022 ൽ സി.എഫ്.സി, ടൈഡ് ഫണ്ടിൽ നിന്നാണ് യഥാർത്ഥത്തിൽ വെള്ളക്കരം അടവാക്കിയതെന്നും ഫ്രണ്ട് ഓഫീസിൽ നിന്നും പ്രസ്തുത ചെലവ് ILGMSൽ ഉൾപ്പെടുത്തുന്നതിനായി മൈനർ ഫങ്ഷൻ തെരഞ്ഞെടുത്തതിൽ വന്ന പിശകാണ് 230-ൽ ആരംഭിക്കുന്ന പദ്ധതീതര തനത് ഫണ്ട് ചെലവുകളുടെ ഹെഡിൽ ലെഡ്ജറിൽ തുക ഉൾപ്പെട്ടിട്ടുള്ളത് എന്നുമാണ്. ഇ-ഗ്രാം-ന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നുമാണ് യഥാർത്ഥത്തിൽ തുക ചെലവ് വന്നതെന്നും അറിയിച്ചു. എന്നാൽ ഈ മറുപടിയിൽ വ്യക്തതക്കുറവുണ്ട്. തെറ്റായ ഒരു മൈനർ ഫംഗ്ഷൻ സെലക്ട് ചെയ്തത് വഴിയാണ് അപാകത സംഭവിച്ചത് എന്ന് പറയുന്നുണ്ടെങ്കിലും തെറ്റിയാൽ അപ്പോൾ തന്നെ കറക്ട് ചെയ്യാവുന്നതാണ് .ഇനി മൈനർ ഫംഗ്ഷൻ തെറ്റായി എടുത്താൽ കൂടെ അത് അവസാനം ജേണൽ എൻട്രി വഴി ശരിയാക്കാമായിരുന്നു. ഈ രണ്ടു കാര്യങ്ങളും ചെയ്തിട്ടില്ല. വ്യക്തമായ മറുപടിയുടെ അഭാവത്തിൽ 73797/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ പറഞ്ഞ പ്രകാരം വ്യത്യാസം തിരുത്താതിരുന്നതിന് മറുപടി ലഭ്യമാക്കേണ്ടതും അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

1-29 അഞ്ചൽപെട്ടി ലൈബ്രറിയുടെ പ്രവർത്തനം തൃപ്തികരമല്ല.

| | |
|---|---|
| പദ്ധതി | അഞ്ചൽപ്പെട്ടി ലൈബ്രറിയിലേക്ക് പുസ്തകം വാങ്ങൽ |
| പദ്ധതി നമ്പർ | 130/23. |

| | |
|---|---|
| അടങ്കൽ | ₹30,000/- (വികസന ഫണ്ട് ജനറൽ ) |
| ചെലവ് | ₹30,000/- |
| ബിൽ നം./ തീയതി | 22120352081801334491 / 11.03.2023 |
| നിർവ്വഹണം | സെക്രട്ടറി |

മേൽ പദ്ധതി പ്രകാരം കറന്റ് ബുക്സ്, നാഷണൽ ബുക്സ് എന്നിവയിൽ നിന്നായി മുപ്പതിനായിരം രൂപയുടെ പുസ്തകങ്ങൾ അഞ്ചൽപ്പെട്ടി ലൈബ്രറിയിലേക്കായി വാങ്ങുകയുണ്ടായി. ലൈബ്രറി സന്ദർശിച്ചതിൽ കണ്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

1) മേൽപ്പറഞ്ഞ ലൈബ്രറിയിലേക്കായി വാങ്ങിയ പുസ്തകങ്ങൾ ലൈബ്രറിയിൽ സൂക്ഷിച്ചിട്ടില്ല .ആയത് ഗ്രാമ പഞ്ചായത്തിൽ തന്നെ പെട്ടികളിലായാണ് സൂക്ഷിച്ചിട്ടുള്ളത്.

2) ലൈബ്രറി പുസ്തകങ്ങൾ സൂക്ഷിക്കാൻ ആവശ്യമായ സംവിധാനങ്ങൾ നിലവിലില്ല.

3) വിഷയാടിസ്ഥാനത്തിൽ ഇനം തിരിച്ച് പുസ്തകങ്ങൾ ക്രമനമ്പരിട്ട് ആരോഹണക്രമത്തിൽ സ്റ്റോക്കിലെടുത്ത് അവ സൂക്ഷിക്കുന്ന രീതി അനുവർത്തിച്ചിട്ടില്ല.

4) ലൈബ്രറി കെട്ടിടത്തിനുള്ളിൽ സാക്ഷരത പ്രേരക്കിന്റെ രണ്ട് അലമാരകളും മേശയും മറ്റ് 2 അലമാരകളും നിലവിലുണ്ട്. പ്രേരക്ക് ആയവ ആഴ്ചയിൽ ചില ദിവസങ്ങളിൽ ഉപയോഗിക്കാറുള്ളതായും ലൈബ്രേറിയൻ അറിയിച്ചു .

5) ലൈബ്രറിക്കായി പൂട്ടിയ നിലയിലുള്ള പഴയ രണ്ട് അലമാരകൾ മാത്രമാണുള്ളത്. ആയതിൽ ഏതെങ്കിലും പുസ്തകങ്ങൾ ഉണ്ടോ എന്നും കാണാനായിട്ടില്ല. കൂടുതൽ പുസ്തകങ്ങൾ സൂക്ഷിക്കാനുള്ള റാക്ക്/ അലമാരകൾ നിലവിലില്ല. ഇരിക്കാനുള്ള സ്ഥല സൗകര്യങ്ങളും പുതിയ ഫർണ്ണിച്ചർ വന്നാൽ ഇടാനുള്ള സ്ഥലവും പരിമിതമാണ്.

6) ലൈബ്രറിയുടെ ബോർഡിന്റെ എഴുത്തുപോലും പഴക്കത്താൽ മാഞ്ഞുപോയ അവസ്ഥയിലാണുള്ളത്.

7) ലൈബ്രറിയിലേക്ക് ഉള്ള ഗോവണി പടിയും അപകട നിലയിലാണ്. സുമാർ രണ്ടര അടി വീതിയുള്ള ഗോവണിപ്പടിക്ക് കൈ വരികൾ ഇല്ലാത്തതിനാൽ ഇത് ഉപയോഗിക്കുന്നതിൽ അപകട സാധ്യത കൂടുതലാണ്.

8) സമീപപ്രദേശങ്ങളിൽ അന്വേഷിച്ചതിൽ നിന്നും ലൈബ്രേറിയനിൽ നിന്നും ലഭ്യമായ വിവരങ്ങൾ അനുസരിച്ചും ലൈബ്രറിയിൽ വളരെ വിരളമായി മാത്രമേ ആളുകൾ വരാറുള്ളൂ. വർഷങ്ങളായി ഇവിടേക്ക് പുതിയ പുസ്തകങ്ങൾ വാങ്ങിയിട്ടില്ലെന്നും അറിയുകയുണ്ടായി. വൈകുന്നേരം നാലുമണിക്ക് (7.8.2023)സന്ദർശിച്ചപ്പോൾ പുസ്തകമോ പത്രമോ ഉണ്ടായിരുന്നില്ല.

9) താഴത്തെ നിലയിൽ കുറച്ച് ചാക്കുകളിലായി പഴയ കുറെ പുസ്തകങ്ങൾ സൂക്ഷിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ലൈബ്രേറിയനോട് അന്വേഷിച്ചതിൽ ഇവയിൽ ഭൂരിഭാഗവും വളരെ പഴയതും ഉപയോഗപ്രദം അല്ലാത്തവയുമാണ് എന്നാണ് അറിയിച്ചത്. ആയതിന്റെ നിജസ്ഥിതി വ്യക്തമായിട്ടില്ല. പ്രസ്തുത കാര്യങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/9.8.2023) ലഭ്യമാക്കിയ മറുപടിയിൽ 2023-24 വാർഷിക പദ്ധതിയിൽ മെയിന്റനൻസിനായി ഒരു ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് എന്ന് അറിയിച്ചു. പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ അറിയിക്കേണ്ടതാണ്. വായനക്കാരില്ലാത്തതും പുസ്തകങ്ങളോ അവ സൂക്ഷിക്കുവാൻ ആവശ്യമായ സൗകര്യങ്ങളില്ലാത്തതുമായ ഈ ലൈബ്രറിയിലേക്ക് പുസ്തകം വാങ്ങിയതിന്റെ യുക്തി ഓഡിറ്റിന് മനസ്സിലാകുന്നില്ല.









മേൽപ്പറഞ്ഞ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. മേൽ പരാമർശങ്ങളിന്മേൽ നടപടി സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്. രജിസ്റ്ററുകളും പുസ്തകങ്ങളും കാലികമാക്കി സൂക്ഷിക്കുന്നതു വരെ 30,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. നാളിതുവരെ വാങ്ങിയതിൽ ഉപയോഗപ്രദമായ മുഴുവൻ പുസ്തകങ്ങളും സ്റ്റോക്ക് രജിസ്റ്ററുമായി പൊരുത്തപ്പെടുത്തി പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

### 1-30 ഇ-ഓട്ടോ പദ്ധതി പ്രായോഗികമായിട്ടില്ല.

| | |
|---|---|
| പദ്ധതി നം. | 141/23 |
| അടങ്കൽ | ₹4,90,000/- (ധനകാര്യ കമ്മീഷൻ അവാർഡ് – ₹1,47,000/-, ശുചിത്വ മിഷൻ അവാർഡ് – ₹3,43,000/-) |
| ചെലവ് തുക | ₹4,58,407/- (ധനകാര്യ കമ്മീഷൻ അവാർഡ് – ₹1,37,522/-, ശുചിത്വ മിഷൻ അവാർഡ് – ₹3,20,885/-) |
| UTR നം. | SBIN423087247931/28.3.23. തുക:₹1,20,000/- |
| ചെക്ക് നം. / തുക | 724607/ 8.3.23 / ₹1,36,772/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ പദ്ധതി പ്രകാരം പഞ്ചായത്തിലെ മാലിന്യം നീക്കം ചെയ്യുന്നതിനായി ഹരിത കർമ്മ സേനയ്ക്ക് ഇ-ഓട്ടോ വാങ്ങിയത് കുറ്റക്കാരൻ ഗ്രീൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നുമാണ്. 'Gem' പോർട്ടൽ മുഖേനയാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ വാഹനം ഉപയോഗിക്കാതെ പഞ്ചായത്ത് ഓഫീസിനടുത്ത് സൂക്ഷിച്ചിരിക്കുകയാണ്. വാഹനം ഉപയോഗപ്രദമാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.22/9.8.2023) മറുപടിയിൽ 2023ആഗസ്റ്റ് മാസം ആദ്യം തന്നെ വാഹനം ഉപയോഗപ്രദമാക്കുന്നതിനുള്ള ചുമതല വി.ഇ.ഒ.-ക്ക് കൈമാറിയതായും ഉടൻ വാഹനം ഉപയോഗപ്രദമാക്കുമെന്നും അറിയിച്ചു. ഇ-ഓട്ടോ ഉപയോഗിക്കുന്നത് ആരംഭിച്ചശേഷം വിവരം ലഭ്യമാക്കേണ്ടതാണ്.

### 1-31 ആശ്രയ പദ്ധതി -ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

പ്രോജക്റ്റ് നമ്പർ 88/23 .

അടങ്കൽ : ₹1,00,000/- (വികസനഫണ്ട്- പൊതുവിഭാഗം)

ചെലവ് : ₹1,00,000/- (ബിൽ നം.8547971558/18.11.2022)

നിർവ്വഹണ ഉദ്യോഗസ്ഥൻ :അസിസ്റ്റന്റ് സെക്രട്ടറി .

നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി, CDS ചെയർപേഴ്സൺ എന്നിവരുടെ സംയുക്ത അക്കൗണ്ടിലേക്ക് (A/cനം.38643046748) 18-11-22 ന് ഒരു ലക്ഷം രൂപ കൈമാറി. പ്രസ്തുത തുക സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലെ ഡോക്ടർക്ക് പദ്ധതി നിർവ്വഹണത്തിനായി കുടുംബശ്രീ സിഡിഎസ് അക്കൗണ്ടിൽ നിന്നും 28-11-22ന് (ചെക്ക് നം. 253538) കൈമാറി. ചികിത്സ നൽകിയ രോഗികളുടെ വിവരങ്ങൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ പദ്ധതി പ്രകാരമുള്ള തുക ഉപയോഗിച്ച് വാങ്ങിയ മരുന്നുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് (നം.14/09.08.2023) മറുപടി ലഭിച്ചിട്ടില്ല. രേഖകളുടെ അഭാവത്തിൽ 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ പറഞ്ഞ രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കേണ്ടതാണ്.

### 1-32 പഞ്ചായത്ത് ഓഫീസിലേക്ക് ആവശ്യമായ കമ്പ്യൂട്ടറുകൾ വാങ്ങിയെങ്കിലും ബിഡ്ഡിംഗ് രീതി അനുവർത്തിച്ചിട്ടില്ല.

2022-23 വർഷം പഞ്ചായത്തിൽ വിവിധ പദ്ധതികളിലായി നിരവധി കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ട്. ഉദാഹരണം : പദ്ധതി നം. 42/23, 46/23, 168/23, 209/23, 132/23. GEM വഴി വാങ്ങിയ കമ്പ്യൂട്ടറുകൾ എല്ലാം തന്നെ കംപാരിസൺ നടത്തി L1 രീതിയാണ് അവലംബിച്ചിട്ടുള്ളത്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ വാങ്ങുന്ന കമ്പ്യൂട്ടറുകളുടെ സ്പെസിഫിക്കേഷനിൽ വലിയ മാറ്റം ആവശ്യമില്ലാത്തതിനാൽ ബിഡ് ചെയ്യുന്ന രീതി അവലംബിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/09.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വരും വർഷങ്ങളിൽ കമ്പ്യൂട്ടറുകൾ വാങ്ങുന്ന അവസരത്തിൽ GEM വഴി ബിഡിംഗ് നടത്തുന്ന പക്ഷം വില വീണ്ടും കുറയാനുള്ള സാധ്യത ലഭ്യമാകുന്നതാണ്. തുടർ വർഷങ്ങളിൽ കൂടുതൽ കമ്പ്യൂട്ടറുകൾ വാങ്ങുന്ന അവസരത്തിൽ ബിഡിംഗ് സമ്പ്രദായം സ്വീകരിക്കാവുന്നതാണ്.

### 1-33 ഡെപ്പോസിറ്റ് വർക്കിന് നൽകിയ അഡ്വാൻസ് തുക കൃത്യമായി അക്കൗണ്ട് ചെയ്യുന്നില്ല

Advance To Implementing Agencies - Deposit With Kerala State Electricity Board (460500201), Advance To Implementing Agencies - Deposit With Kerala Water Authority (460500202) എന്നീ ശീർഷകങ്ങളുടെ മുന്നിരിപ്പ്, തൻവർഷം കൊടുത്ത അഡ്വാൻസ് തുക, വിനിയോഗസാക്ഷ്യപത്രം ലഭിച്ചത് ക്രമീകരിച്ച തുക എന്നിവ പൊരുത്തപ്പെടുന്നില്ല.

### 1-34 തനത് വരുമാനം - അവലോകനം

1)കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ( G.O.(P) No.78/2019/LSGD/2.11.2019) ലെ ചട്ടം 21പ്രകാരം ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് നൽകി, ഒക്കുപ്പൻസി നൽകിയ കെട്ടിടങ്ങളിന്മേൽ ഗ്രാമപഞ്ചായത്തിന് പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്താവുന്നതാണ്. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്രകാരം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടത്. പ്രസ്തുത ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള ( രണ്ട് നിലവരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50 എം സ്ക്വയർ വരെയുള്ള കൊമേഴ്സ്യൽ കെട്ടിടങ്ങൾ മുതലായവ ) കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങളിന്മേൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിൽ ഒരിക്കലെങ്കിലും പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം . പഞ്ചായത്തിൽ നമ്പർ അനുവദിച്ചതിൽ കൂടുതൽ നിർമ്മാണം നടത്തി കെട്ടിടങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ ഇനത്തിൽ വലിയ നികുതി ചോർച്ച ഉണ്ടായിട്ടുണ്ട്. ആയതിനാൽ മേൽ വ്യവസ്ഥ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
2) കടമുറികളിൽ നിന്നും വാടക ഈടാക്കാത്തതിനാൽ തൻവർഷം മാത്രം 62,076/- രൂപയുടെ വരവ് നഷ്ടം പഞ്ചായത്തിനുണ്ടായിട്ടുണ്ട്. വാടക യഥാസമയം പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
3) 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 പ്രകാരം ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയത് ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.
4) F.T.E.O ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

തനത് വരുമാനം വർദ്ധിപ്പിച്ച് സ്വയംപര്യാപ്തത കൈവരിക്കുക എന്നത് അനിവാര്യമായതിനാൽ ഇത്തരം വരുമാനമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള നടപടികൾ ഭരണ സമിതിയ്ക്ക് ഊർജ്ജിതപ്പെടുത്താവുന്നതാണ്. ആയവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ ചർച്ചചെയ്യുകയും ചട്ടങ്ങൾക്ക് വിധേയമായി നൂതന ആശയങ്ങൾ നടപ്പിലാക്കാവുന്നതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2022-2023 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 330840 | ശാരിരീക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് (13/23) | 330840 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 300000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (112/23) | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 140000 | ലൈഫ് മിഷൻ പദ്ധതി – ജനറൽ (135/23) | 140000 | 0 |
| ആകെ | | 770840 | | 770840 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 320000 | സ്ഥിരം നെൽകൃഷിക്ക് കൂലിച്ചെലവ് (118/23) | 320000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 131610 | ശാരിരീക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് (13/23) | 131610 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 432000 | വിജയഭേരി സ്കോളർഷിപ്പ് (203/23) | 432000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 405000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (112/23) | 405000 | 0 |
| ആകെ | | 1288610 | | 1288610 | 0 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ നമ്പർ / പേര് | UTR No./ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 78/23, പൊതുടാപ്പുകൾ റദ്ദാക്കൽ | RB1273262022089/29.09.22 | 418000 | 0 | 418000 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 17/23, വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | RB1273262023863/23.03.23 | 399906 | ० | 399906 |

തൻവർഷം മേൽ സൂചിപ്പിച്ച പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി എന്നിവിടങ്ങളിൽ നിക്ഷേപിച്ചിട്ടുള്ള തുകയുടെ ചെലവുകൾ Advance To Implementing Agencies – Deposit With Kerala Water Authority, Advance To Implimenting Agencies – Deposit With Kerala State Electricity Board എന്നീ ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്യുന്നതിന് പകരം കേരള വാട്ടർ അതോറിറ്റക്ക് നൽകിയ അഡ്വാൻസ് തുക Public Drinking Water Programmes (251120105) എന്ന ചെലവ് ശീർഷകത്തിലും, കേരള ഇലക്ട്രിസിറ്റി ബോർഡിന് നൽകിയ അഡ്വാൻസ് തുക Street Lights ((252100004) എന്ന ആസ്തി ശീർഷകത്തിലുമാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. ആയതിനാൽ ഈ വർഷം കെ.എസ്.ഇ.ബി., കേരള വാട്ടർ അതോറിറ്റി എന്നിവക്ക് നൽകിയ ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭിക്കാതിരുന്നിട്ടും ഡെപ്പോസിറ്റ് തുകകൾ ആസ്തിയായി B18 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം ലഭിച്ച വായ്പ | തൻവർഷം തിരിച്ചടച്ച തുക (ഉൽഭവത്തിൽ കുറവ് ചെയ്ത തുക) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | സ.ഉ.(സാധാ) നം.276/16/ ത.സ്വ.ഭ.വ. /27.01.16 | ₹16,00,000 | ₹16,000 | 0 | ₹16,000 | 0 | 0 |
| | സ.ഉ. (എം.എസ്.) 49/22/ ത.സ്വ.ഭ.വ. /09.03.22 | ₹22,00,000 | 0 | ₹22,00,000 | ₹10,00,240 | 0 | ₹11,99,760 |

ജി.ഒ.പ്രോജക്ട് പ്രകാരം വായ്പ തിരിച്ചടവിന്റെ വിവരം

| നമ്പർ | പേര് | തുക |
|---|---|---|
| S197/23 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (എസ്.സി.പി) | ₹2,26,063 |
| S196/23 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (എസ്.സി.പി) | ₹2,82,057 |
| S215/23 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ജനറൽ) | ₹2,26,064 |
| S214/23 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ജനറൽ) | ₹2,82,056 |
| ആകെ | | ₹10,16,240 |

## 4-6 സ്ഥിരനിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവ് വന്ന ₹ 4800/- വിവരം താഴെ ചേർക്കുന്നു. ഈ തുക പ്രയർ പിരീഡ് ഇൻകം (190100102) എന്ന ഹെഡ്ഡിലെ വരവിനൊപ്പം ആണ് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര്/ ഉദ്യോഗപ്പേര് | രസീത് നമ്പർ/തീയതി |
|---|---|---|---|---|---|
| 1 | 2021-22 | 1-17 | ₹1,200.00 | ശ്രീമതി ഉദയ കെ., സെക്രട്ടറി | 1220101661/22.09.2022 |
| 2 | 2021-22 | 1-17 | ₹2,400.00 | ശ്രീമതി ഉദയ കെ., സെക്രട്ടറി | 1220101662/22.09.2022 |
| 3 | 2021-22 | 1-17 | ₹1,200.00 | ശ്രീമതി ഉദയ കെ.,സെക്രട്ടറി | 1220101716/26.09.2022 |
| | | ആകെ | ₹4,800.00 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ ഇല്ല.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹3,22,00,622.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹2,36,97,490.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹21,90,545.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | ₹41,918 | ഡോ. ആഷാമോൾ, മെഡിക്കൽ ഓഫീസർ ,സി.എച്ച്.സി. |
| 1-16 | ₹29,100 | ഡോ. ആഷാമോൾ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| 1-23 | ₹3,99,906 | ശ്രീമതി ഉദയ.കെ, സെക്രട്ടറി |
| 1-24 | ₹2,31,614 | ഡോ.നൈസി.ഇ.എം, മെഡിക്കൽ ഓഫീസർ,ഹോമിയോ |
| 1-25 | ₹3,91,210 | ശ്രീമതി ജെമിനി.ഇ.സി, അസിസ്റ്റന്റ് സെക്രട്ടറി |
| 1-26 | ₹4,43,000 | ശ്രീമതി ഉദയ. കെ, സെക്രട്ടറി |
| 1-27 | ₹4,50,000 | ശ്രീമതി ഉദയ. കെ, സെക്രട്ടറി |
| 1-28 | ₹73,797 | ശ്രീമതി ഉദയ. കെ, സെക്രട്ടറി |
| 1-29 | ₹30,000 | ശ്രീമതി ഉദയ.കെ, സെക്രട്ടറി |
| 1-31 | ₹1,00,000 | ശ്രീമതി ജെമിനി.ഇ.സി, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | ₹21,90,545 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ,മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. ആഷാമോൾ , മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ , സി.എച്ച്.സി മണീട് | ആലുങ്കൽ വീട്,പെരുമ്പടപ്പ്, പള്ളുരുത്തി, എറണാകുളം |
| ശ്രീമതി ജെമിനി.ഇ.സി | സർവ്വീസിൽ നിന്ന് വിരമിച്ചു. | പുറപ്പിലകത്ത് ഹൗസ്<br>മാറിക. പി.ഒ<br>കൂത്താട്ടുകുളം വഴി<br>എറണാകുളം – 686662 |
| ശ്രീമതി ഉദയ.കെ | സെക്രട്ടറി,<br>പാമ്പാക്കുട ഗ്രാമപഞ്ചായത്ത് | അളകാപുരി<br>നോർത്ത് മാറാടി<br>മൂവാറ്റുപുഴ,എറണാകുളം<br>686673 |
| ഡോ.നൈസി.ഇ.എം | മെഡിക്കൽ ഓഫീസർ(ഹോമിയോ), പാമ്പാക്കുട | കൊട്ടാരത്തിൽമ്യാലിൽ, മുളന്തുരുത്തി.പി.ഒ, എറണാകുളം, 682314 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96<br>1996-97 | എൽ.എഫ്.ഇ.(പി.1) 183/98/ 08.10.1998 |
| 1997-98<br>(ചെലവ്) | എൽ.എഫ്.ഇ.(പി.2) 1158/01/ 12.1.2002 / 13.3.2002 |
| 1998-99 | എൽ.എഫ്.ഇ.(പി.2) 712/03/ 25.08.1998 |
| 1999-00 | എൽ.എഫ്.ഇ.(പി.2) 844/04/ 03.04.2004 |
| 2003-04 | എൽ.എഫ്.ഇ.(പി.1) 1465/07/ |
| 2004-05 | എൽ.എഫ്.ഇ.(പി.1) 50/09/ |
| 2005-06 | എൽ.എഫ്.ഇ.(പി.9) 472/11/20.9.11 |
| 2006-07 | എൽ.എഫ്.ഇ.(പി.9) 473/11/20.9.11 |
| 2009-10 | എൽ.എഫ്.ഇ.(പി.9) 66/11/24.1.11 |
| 2007-08,<br>2008-09,<br>2010-11 | എൽ.എഫ്.ഇ.(പി.9) 1473/12/14.9.12 |
| 2011-12<br>2012-13 | എൽ.എഫ്.ഇ.(പി.9) 14/2014/ 7.2.2014 |
| 2013-14<br>2014-15 | കെ.എസ്.എ.(പി.9)29/2016 |
| 2015-16 | കെ.എസ്.എ.(പി.9) 2120/2016/15.12.2016 |
| 2016-17 | കെ.എസ്.എ.(പി.9) 1666/2017/22.11.2017 |
| 2017-18 | കെ.എസ്.എ.(പി.9) 2058/2018/3.12.2018 |
| 2018-19 | കെ.എസ്.എ. ഇ.കെ.എം(പി.9)009/2019/1/1/2020 |
| 2019-20 | കെ.എസ്.എ. ഇ.കെ.എം(പി.9) 1808/2021 |
| 2020-21 | കെ.എസ്.എ. ഇ.കെ.എം(പി.9) 1809/2021/06.06.2022 |
| 2021-22 | കെ.എസ്.എ. ഇ.കെ.എം(പി.9) 1728/2022/03.12.2022 |

ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡികകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 5(1) dated 30-06-2023 and submitted on 07-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Pampakuda Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Pampakuda Grama Panchayat for the year 2022-2023

Date: 02/11/2023

Deputy Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Pampakuda Grama Panchayat for the Year 2022-2023.

**1.Major Observations**

1) Accounting ratios and notes are not included in Annual Financial Statement.
2) Capital contribution does not match with Fixed Assets.
3) Net increase in cash and cash equivalents" in Cash Flow statement should be reconciled with Receipt and Payment Statement

**2.Other Observations**

1) Street water charge arrear is not included as liability in Balance Sheet.
2) Excess of Income over Expenditure is not correct.
3) The rent of shop rooms has not been demanded and accounted for.
4) E-tender fee has not been demanded and accounted for.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്